Vol. 18. No. 2.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

February 1920.

# വിഷയ വിവരണിക.


| | | പക്കം. |
|---|---|---|
| 1. | മംഗളം. | 25 |
| | ദിവ്യശ്രീ ഏ. കെ. ജോസെഫ് കത്തനാർ അ—ർ, | |
| 2. | വിശുദ്ധ കുർബ്ബാനയുടെ സന്ദർശനം. | 25 |
| 3. | വേദപുസ്തകം മാത്രമോ? | 27 |
| | റവ. ഫാദർ റൊമേമോസ് ടി. ഒ. സി. ഡി. ,, | |
| 4. | പ്രധാനപ്പെട്ട ക്രിസ്തീയസഭകളുടെ ചരിത്രസംഗ്രഹം. | 30 |
| | റവ. ഫാദർ ഔന്തിയോസ് ടി. ഒ. സി. ഡി. ,, | |
| 5. | സംസാരം (സംഭാഷണം) | 34 |
| | ദിവ്യശ്രീ എം. പി. മാണിക്കത്തനാർ ,, | |
| 6. | ചില സംഗതികളുടെ സംക്ഷേപ ചരിത്രം. | 35 |
| | റവ. ഫാദർ ഗ്രിഗരി ടി. ഒ. സി. ഡി. ,, | |
| 7. | കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. | 38 |
| | റവ. ഫാദർ സൈമൺ ടി. ഒ. സി. ഡി. ,, | |
| 8. | അറിവിൽപ്പെടാത്ത ഒരു വിദ്വാൻ. | 40 |
| | ബ. ആ. ബെർത്താൾദ് ടി. ഒ. സി. ഡി. ,, | |
| 9. | ഈശോയുടെ തിരുഹൃദയ കാരുണ്യം | 43 |
| 10. | തിരുഹൃദയ പൊതുനിയോഗം. | 45 |
| 11. | വർത്തമാനക്കുറിപ്പുകൾ. | 45 |
| 12. | ചരമവാർത്തകൾ. | |
| 14. | പഞ്ചാംഗം. | 47 |
| 15. | പരസ്യങ്ങൾ. | |



കർമ്മലകുസുമം, വരിസംഖ്യ

ആണ്ടടക്കം മുൻകൂർ ഒരു ബ്രിട്ടീഷ് രൂപാ മാത്രം.

# കർമ്മല കുസുമം.

പുസ്തകം ൧൮. ൧൯൨൦ ഫെബ്രുവരി ലക്കം ൨.

## മംഗളം.

മാതാവിൻമടിയിൽക്കരേറി വദനം
ചുംബിച്ചു കൊഞ്ചിച്ചിരി-
ച്ചാഹ്ളാദിച്ചുടനമ്മ തൻ ഗളതലം
മെല്ലെത്തലോടുന്നതാം



ശുദ്ധീകരണം.

പൊൽത്താരിന്നിണയായ നിൻ മൃദുകരം
തെല്ലൊന്നുയർത്തിക്കനി-
ഞ്ഞിപ്പോളി "കുസുമ"ത്തിനേകുക വരം
നല്ലുണ്ണിയാമേശുവേ!

ഫാദർ ഏ. കെ. ജോസഫ്.

## വിശുദ്ധ കുർബാനയുടെ സന്ദർശനം.

വിശുദ്ധ കുർബാനയുടെ സ്ഥാപനം വഴിയായിട്ടു ദിവ്യരക്ഷകൻ നമ്മോടു കാണിച്ചിരിക്കുന്ന സ്നേഹത്തെ വർണ്ണിപ്പാൻ സൃഷ്ടിക്കപ്പെട്ട നാവുകൾ ഒന്നും മതിയാകയില്ല. ഈ ദിവ്യകൂദാശയുടെ സ്ഥാപനോദ്ദേശങ്ങളിൽ മുഖ്യമായ ഒന്ന് നമ്മോടുകൂടി വസിക്കയും നമ്മെ ആശ്വസിപ്പിക്കയും ചെയ്യുന്നതാണ്. "എന്റെ സന്തോഷം മനുഷ്യമക്കളോടുകൂടിയിരിക്കുന്നതത്രേ". അകയാൽ ദിവ്യകാരുണ്യയീശോയെ സന്ദർശിച്ചുകൊണ്ടു പ്രതിനന്ദി കാണിക്കേണ്ടതു നമ്മുടെ

ചുമതലയാകുന്നുവെന്നാണ് മേല്പറഞ്ഞതിന്റെ അനുമാനം.

ഒരു ലൌകികചക്രവൎത്തി നമ്മുടെ നാട്ടിൽ എഴുന്നള്ളി പൊതുജനങ്ങളുടെ സങ്കടങ്ങളെ കേൾപ്പാൻ ചിത്തമായാൽ അവിടെ ഓരോവിധത്തിലുള്ള ഹൎജികളുമായി തിക്കിത്തിരക്കിക്കൂടുന്നവരുടെ സംഖ്യ എത്ര വലുതായിരിക്കും. ദൂരദേശത്തിൽ ഏതെങ്കിലും ഒരു ജാതിക്കാരുടെ ഇടയിൽ അവരുടെ ദൈവം വസിച്ച് അവരോടു സംഭാഷണം ചെയ്യുന്നുവെന്നു നാം കേട്ടാൽ ആ ജാതിക്കാരെ ഭാഗ്യവാന്മാർ എന്നു നാം വിളിക്കയും അവിടെപ്പോയി അവരുടെ അവസ്ഥ കാണ്മാൻ കൗതുകംജനിക്കയും ചെയ്യയില്ലയോ? എന്നാൽ മറെറാരു വൎഗ്ഗക്കാൎക്കും ലഭിച്ചിട്ടില്ലാത്ത ഈ മഹാഭാഗ്യം ലഭിച്ചിരിക്കുന്ന അനുഗ്രഹീതജനം ക്രിസ്ത്യാനികളായ നാമല്ലാതെ മററാരുമല്ല. മററു സകല ജാതിക്കാരും ഈ സംഗതിയിൽ നമ്മെ ആശീൎവ്വദിക്കപ്പെട്ടവരെന്നു വിളിക്കുന്നു. സ്വൎഗ്ഗസ്ഥരായ മാലാഖാമാർകൂടെയും നമ്മോടു ജ്ഞാനാസൂയയുള്ളവരായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ പൊൻപാത്രക്കാരായ അവൎക്കു ചെയ്യാത്ത ഒരു അനുഗ്രഹവും സ്നേഹചിഹ്നവുമാണ് മൺപാത്രക്കാരായ നമുക്കു ദൈവം ചെയ്തിരിക്കുന്നത്.

എന്നാൽ മാലാഖാമാരെ വിസ്മയാകുലരാക്കിത്തീൎക്കുന്ന മറെറാരു സംഗതിയും ഇതിലുണ്ട്. സ്നേഹത്തിന്റെ തടവുകാരനായിട്ട് ഈശോ സക്രാരികളിൽ പൂട്ടപ്പെട്ടിരിക്കുന്നു എന്നുള്ള വസ്തുത മനുഷ്യർ വേണ്ടവിധം ഗ്രഹിക്കുന്നില്ല എന്നുള്ളതുതന്നെ. മനുഷ്യൎക്കു കൂട്ടുകാരും ഉല്ലാസവും ഉണ്ട്. എന്നാൽ കൎത്താവു തനിയെ ഇരിക്കുന്നു. ലോകവിധിയാളന്മാൎക്കു കാവൽശിപായികളുണ്ട്. ത്രിലോകചക്രവൎത്തിയായ ദിവ്യകാരുണ്യകൎത്താവിനു ആരാധനക്കാരും കാവൽക്കാരുമില്ല. "ഈശോ തനിച്ചേയുള്ളൂ, തനിച്ചേയുള്ളൂ" എന്നു ഭാഗ്യപ്പെട്ട കൽഗാനി എന്ന സതീരത്നം റോമാപ്പട്ടണത്തിൽകൂടി വിളിച്ചു നിലവിളിച്ചുകൊണ്ടു നടന്നിരുന്നു. "ഇത്ര നാൾ ഞാൻ നിങ്ങളോടുകൂടിയിരുന്നിട്ടും നിങ്ങൾ എന്നെ അറിഞ്ഞില്ലല്ലോ" എന്നു കൎത്താവു നമ്മോട് ആവലാതിപ്പെടുന്നു.

ഗാഗുൽത്താ മുതലായ തിരുസ്ഥലങ്ങളെ സന്ദൎശിപ്പാൻ തീൎത്ഥയാത്രക്കാർ എത്ര ബുദ്ധിമുട്ടും പണച്ചെലവും സഹിക്കുന്നു. എന്നാൽ വലിയ ബുദ്ധിമുട്ടുകൂടാതെ ആ സ്ഥലങ്ങളെ വിശുദ്ധീകരിച്ച കൎത്താവിനെത്തന്നെ നമുക്കിഷ്ടമുള്ളപ്പോഴൊക്കെയും കാണ്മാൻ പാടുണ്ട്. രാജാക്കന്മാരുടെ അടുക്കൽ പ്രവേശനം കിട്ടുവാൻ എത്ര വിഷമം. കൎത്താവിന്റെ അടുക്കൽ പ്രവേശിപ്പാൻ ഒരു തടസ്സവുമില്ല. ഗ്ലീലായിൽകൂടി ദിവ്യരക്ഷകൻ പ്രസംഗിച്ചുകൊണ്ടു നടക്കയിൽ കുടുംബജോലിയെ ഉപേക്ഷിച്ചുകൊണ്ടും ആഹാരമാകട്ടെ വിശ്രമമാകട്ടെ ഇല്ലാതെയും പുരുഷാരങ്ങൾ തന്നെ സൎവ്വത്ര പിഞ്ചെന്നിരുന്നു. എന്നാൽ "ഭാരപ്പെട്ടും ബുദ്ധിമുട്ടിയുമിരിക്കുന്നവർ എന്റെ പക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്നരുളിച്ചെയ്തുകൊണ്ടു നമ്മോടുകൂടിയിരിക്കുന്നതും ആ രക്ഷിതാവു തന്നെ അല്ലയോ? അപ്പോൾ ചെകിടരെയും മുടന്തരെയും കുഷ്ഠരോഗികളേയും സുഖപ്പെടുത്തിയ ദിവ്യ വൈദ്യനോടറിയിപ്പാൻ നമുക്കു രോഗങ്ങളൊന്നുമില്ലയോ? ഉണ്ട്. എന്നാൽ വിശ്വാസമാണില്ലാത്തത്.

താബോർ മലമേൽവച്ച് ദിവ്യയീശോ മറുരൂപമായപ്പോൾ വിശുദ്ധ പത്രോസ് അന്ധാളിച്ച് "കൎത്താവേ! ഇനി ഇവിടെയിരുന്നാൽ മതി" എന്നു പറഞ്ഞു. ത്രോണോസാകുന്ന താബോറിലും ആ ഈശോതന്നെ വസിക്കുന്നു. എന്നാൽ തന്റെ തേജോമഹത്വത്തെ താൻ മറച്ചിരിക്കുന്നു. ഇപ്രകാരം താൻ ചെയ്തിരുന്നില്ലെങ്കിൽ തന്റെപക്കൽ അടുത്ത് ആരും തന്നെ ഉൾക്കൊള്ളുകയില്ലായിരുന്നു. തന്റെ ശോഭയെ കാണിച്ചാൽ ഗ്ലീലാനിവാസികൾ ചെയ്തതുപോലെ ഇപ്പോൾ നാമും തന്റെ സന്നിധിയിൽ ഓടിക്കൂടും. എന്നാൽ ഇത് അത്ഭുതംകാണാത്തതുകൊണ്ടല്ലാതെ വിശ്വാസംകൊണ്ടായിരിക്കയില്ല. വിശുദ്ധ കുൎബാന വിശ്വാസത്തിന്റെ കൂദാശയാകുന്നു. ഇവിടെ നമ്മുടെ വിശ്വാസത്തിന്റെ മാററു പരിശോധിക്കപ്പെടുന്നു. "കുൎബാനയിൽ കൎത്താവുണ്ടെന്ന് എനിക്കു വിശ്വാസമുണ്ടായിരുന്നെങ്കിൽ ഞാൻ പള്ളിയിൽനിന്ന് ഒരിക്കലും

വിട്ടുമാറുകയില്ലായിരുന്നു" എന്ന് അവിശ്വാസിയായ ഒരു പ്രോട്ടസ്റ്റൻറ് പറകയുണ്ടായി.

നാം ഈ പരമ രഹസ്യത്തിൽ വിശ്വസിക്കുന്നു. ആകയാൽ ദിവ്യരക്ഷകൻെറ ക്ഷണത്തിനു ചെവി കൊടുത്തുകൊണ്ടു കൂടക്കൂടെ വിസീത്ത കഴിക്കണം. പള്ളിയിൽ പോയാൽ പുറത്തുനിന്നു വൃഥാ സംസാരിക്കാതെ കർത്താവിനോടു ജ്ഞാനസംഭാഷണം ചെയ്യണം. "താൻ നമ്മെ കാണുകയും കേൾക്കയും ചെയ്യുന്നതുകൊണ്ട് സ്നേഹിതന്മാർ തമ്മിൽ എന്ന കണക്കേ സംസാരിക്കണം" എന്നു വി. അല്ലോൻസ് പറയുന്നു. ലാസറിൻെറ സോദരിയായ മറിയം കർത്താവിൻെറ തൃപ്പാദത്തുങ്കൽ ഇരുന്നതുപോലെ നമുക്കും ചെയ്യാം. "സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ ഞങ്ങൾ ചെയ്യുന്ന ആരാധന ഭൂമിയിൽ വിശുദ്ധ കുർബ്ബാനയുടെ മുമ്പാകെ നിങ്ങളും ചെയ്യണ"മെന്നു ത്രേസ്യാ പുണ്യവതി തൻെറ ഒരു സഹോദരിക്കു കാണപ്പെട്ടറിയിച്ചു. "എൻെറ കരങ്ങൾ ദിവ്യദാനങ്ങളാൽ നിറഞ്ഞിരിക്കുന്നു. ചോദിച്ചു വാങ്ങിക്കുന്നവരില്ല" എന്നു കർത്താവ് വി. മറിയം അലക്കോക്കിനു വെളിപ്പെടുത്തി.

കർത്താവിനോടുകൂടിയുള്ള സംഭാഷണം എത്ര മാധുര്യമുള്ളതെന്നു രുചിച്ചറിഞ്ഞവർക്കേ മനസ്സിലാകയുള്ളു. ഈ ഉറവയിൽനിന്നു കുടിക്കുംതോറും ദാഹം കൂടി വരും. ശവരിയാർപുണ്യവാൻ രാത്രി മുഴവൻ സങ്കീർത്തിയിൽ ചിലവഴിച്ചിരുന്നു. "അകത്തു പ്രവേശിച്ചു കർത്താവിനോട് ഒരു വാക്കും സംസാരിക്കാതെ പള്ളിമുററത്തുകൂടി കടന്നുപോകുന്നതു ശരിയല്ല" എന്നു വിശുദ്ധ ഫ്രാൻസീസ്സാലസ്സു പറയുന്നു. നമ്മുടെ സന്തോഷങ്ങളും സങ്കടങ്ങളും എല്ലാം ഉത്തമസ്നേഹിതനായ ഈശോയോടു തുറന്നുപറയണം. ഇതു കേൾക്കുന്നതു തനിക്കു വലിയ സന്തോഷമാണ്. കുർബ്ബാനയുടെ മുമ്പാകെ ചെലവഴിക്കുന്ന സമയം മരണനേരത്തു നമുക്കു വലിയ ആശ്വാസവും ശരണവും നൽകുമെന്നു ലിഗോരിപ്പുണ്യവാൻ പറയുന്നു. വിസീത്ത കഴിഞ്ഞു മടങ്ങുമ്പോൾ നമ്മുടെ ഹൃദയത്തെ ത്രോണോസിൻചുവട്ടിൽ കർത്താവിനു കാഴ്ചവെക്കണം. ജോലിത്തിരക്കുമൂലം വിസീത്ത കഴിപ്പാൻ പോകുന്നതിനു തടസ്സപ്പെടുന്നവർ തങ്ങളുടെ വലിയ ആഗ്രഹത്തെ കർത്താവിനെ അറിയിക്കണം. കുർബ്ബാനയുടെ മുമ്പാകെ കത്തിനിൽക്കുന്ന വിളക്ക് നമ്മുടെ ഹൃദയത്തിൻെറ സ്നേഹാഗ്നിയാണെന്നു സങ്കല്പിക്കയും ആ വിളക്കിനായിട്ടു എണ്ണകൊടുക്കയും ചെയ്യുന്നതു കൊള്ളാം. മറിയം മഗ്ദലേന പൂശിയ എണ്ണ കർത്താവിനു വളരെ പ്രസാദിച്ചുവല്ലൊ.

ദൃഷ്ടാന്തം:— ഭക്തിവിശ്വാസമുള്ള ഒരു പൈതലിൻെറ മാതാവ് ചെറുപ്പത്തിൽ മരിച്ചശേഷം രണ്ടാനമ്മ ഈ കുഞ്ഞിനെ കഷ്ടപ്പെടുത്തിവന്നു. ഒരിക്കൽ ഈ പൈതൽ ദേവാലയത്തിൽ പ്രവേശിച്ചു അൾത്താരമേൽ കയറി സക്രാരിയുടെ കതകിന്മേൽ മുട്ടിവിളിച്ചുകൊണ്ട് "ഉണ്ണി ഈശോ! ഇതാ എനിക്കൊരു ആവലാതി നിന്നെ ബോധിപ്പിക്കുവാനുണ്ട്" എന്നുപറഞ്ഞു. ഈ പൈതലിനെപ്പോലെ നാമും ആകണം.

## വേദപുസ്തകം മാത്രമോ?

I.

മനുഷ്യർ ദൈവത്തെ ആരാധിച്ചു സേവിക്കേണ്ട വിധവും രക്ഷ പ്രാപിക്കുന്നതിനു സകല മനുഷ്യരും വിശ്വസിക്കേണ്ട സത്യങ്ങളും അനുകരിക്കേണ്ട പ്രമാണങ്ങളും, ൧൯ ശതവർഷങ്ങൾക്കുമുമ്പു മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ ഈശോമ്ശിഹാ, മൂന്നുകൊല്ലത്തിലധികം പലസ്തീനായിൽ ചുററിസ്സഞ്ചരിച്ചുകൊണ്ടു മനുഷ്യകുലത്തിനു വെളിപ്പെടുത്തി. (ക.കു. ജനുവരി ലക്കം). മ്ശിഹാ

നൽകിയ ദിവ്യപ്രകാശനം എന്തിൽ അടങ്ങിയിരിക്കുന്നുവെന്നും ലോകാവസാനത്തോളം ഉണ്ടാകുവാനിരിക്കുന്ന സകല മനുഷ്യരേയും പഠിപ്പിക്കുന്നതിന് അദ്ദേഹം നിശ്ചയിച്ച മാൎഗ്ഗമെന്തെന്നുമാണ് ഇവിടെ ആലോചിക്കേണ്ടതു്. മ്ശിഹാ നൽകിയ പ്രബോധനത്തെ മനുഷ്യരെ പഠിപ്പിക്കുന്നതിന് അവിടുത്തേക്കു അനേക മാൎഗ്ഗങ്ങൾ സുലഭങ്ങളായിരുന്നു. തന്റെ ഉപദേശങ്ങളെയെല്ലാം തെളിവായും വിസ്താരമായും ഒരു പുസ്തകത്തിൽ സ്വന്ത കൈപ്പടയിൽ എഴുതുവാൻ ഒരു പ്രയാസവുമുണ്ടായിരുന്നില്ല. എങ്കിലും ഇപ്രകാരം ചെയ്വാൻ മനസ്സായില്ല. ഒരു പുസ്തകംപോലും അദ്ദേഹം എഴുതിയിട്ടുമില്ല. പന്ത്രണ്ടുപേരെ ശിഷ്യരായി തെരഞ്ഞെടുത്തു് അവരെ സകലവും അഭ്യസിപ്പിക്കയാണു് ചെയ്തതു്. ലോകാവസാനംവരെ സകല മനുഷ്യരേയും പഠിപ്പിക്കുന്നതിന് അവരേയും പിൻഗാമികളേയും അധികാരപ്പെടുത്തി ഭരമേല്പിക്കയും ചെയ്തു. വരമൊഴിയായി ദൈവ വചനം പഠിപ്പിക്കുവാൻ പ്രത്യേക കല്പന അവൎക്കു കൊടുത്തില്ല. പ്രത്യുത വാമൊഴിയായി ഉപദേശിക്കുവാനാണ് അവരോടാജ്ഞാപിച്ചതു്. "നിങ്ങൾ ലോകം മുഴുവനും പോയി സകല സൃഷ്ടികളോടും പ്രസംഗിപ്പിൻ" (മർക്കോസ് ൧൬. ൧൫.)

മ്ശിഹായുടെ കല്പനപ്രകാരം ശിഷ്യർ പലേ പ്രദേശങ്ങളിലും ചുററിസ്സഞ്ചരിച്ചു ദൈവ വചനം പ്രസംഗിക്കുകയുണ്ടായി. ആദിമകാലങ്ങളിൽ പ്രസംഗരൂപേണ മാത്രമേ അദ്ധ്യയനം നടത്തിയിരുന്നുള്ളു. ൧൨ കൊല്ലങ്ങൾക്കുശേഷമാണ് അവരിൽ ചിലർ ലേഖനങ്ങളും പുസ്തകങ്ങളും എഴുതുവാൻ തുടങ്ങിയതു്. അന്നുമുതൽക്കു വാമൊഴിയും ദൈവ വചനപ്രസിദ്ധീകരണത്തിനുള്ള ഒരു മാൎഗ്ഗമായിത്തീൎന്നു. ഇങ്ങനെ എഴുതപ്പെട്ട ൨൭ പുസ്തകങ്ങളാണ് "പുതിയനിയമം" എന്ന നാമംകൊണ്ടു സൂചിപ്പിക്കുന്ന വേദപുസ്തകം. പുസ്തകങ്ങളെല്ലാം ദൈവപ്രേരണയാൽ എഴുതപ്പെട്ടതിനാൽ, അവ ദൈവപ്രകാശനത്തെ അടക്കംചെയ്യുന്ന ദൈവവചനമെന്നു കത്തോലിക്കർ മാത്രമല്ല കത്തോലിക്കേതരന്മാരായ മററു ക്രിസ്ത്യാനികളും സമ്മതിക്കുന്നു. എന്നാൽ മ്ശിഹായും ശ്ലീഹന്മാരും നൽകിയ ദൈവപ്രകാശനം മുഴുവനും വേദപുസ്തകത്തിൽ അടങ്ങിയിട്ടില്ലെന്നു, ജനസംഖ്യകൊണ്ടു ക്രിസ്ത്യാനികളിൽ പകുതിയിലധികം ഭാഗത്തെയും അടക്കിക്കൊള്ളുന്ന കത്തോലിക്കാസഭമാത്രമല്ല, ശിഷ്ടമുള്ള പകുതിയിൽ ഏകദേശം ൭൦ ശതമാനത്തെയും അടക്കിക്കൊള്ളുന്ന പൗരസ്ത്യറീത്തുകളിൽ ഉൾപ്പെട്ടവരായ അകത്തോലിക്കക്രിസ്ത്യാനികളും വിശ്വസിച്ചുപോരുന്നു. മ്ശിഹായും ശ്ലീഹന്മാരും ഉപദേശിച്ച സകല സത്യങ്ങളും കല്പിച്ച സകല പ്രമാണങ്ങളും വിശദമായി വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്നുവെന്നും, വേദപുസ്തകത്തിൽ ഇല്ലാത്ത യാതൊന്നും സ്വീകരിച്ചു വിശ്വസിക്കേണ്ട ആവശ്യമില്ലെന്നും, ക്രിസ്തീയവേദത്തിന്റെ സ്ഥാപനംമുതൽ ൧൬ ശതകങ്ങളോളം ജീവിച്ചിരുന്ന ക്രിസ്ത്യാനികളിൽ ആരെങ്കിലും അഭിപ്രായപ്പെട്ടതായി കേട്ടിട്ടില്ല.

കത്തോലിക്കാസഭ ആദിമശതകങ്ങൾമുതൽക്കു തുടർച്ചയായി പഠിപ്പിച്ചിരുന്ന അനേക ഉപദേശങ്ങളെ പരിത്യജിച്ചുകൊണ്ടു ൧൬-ാം നൂററാണ്ടിൽ കത്തോലിക്കാസഭയിൽനിന്നു ഭിന്നിച്ച പ്രോട്ടസ്റ്റണ്ടുകാരാണ് ഈ വാദം ആദ്യമായി പുറപ്പെടുവിച്ചതു്. ഇപ്പോഴുള്ള പ്രോട്ടസ്റ്റൻറുകാരും ഇതിനെ ഏറക്കുറേ ഐകകണ്ഠ്യേന ആദരിച്ചുവരുന്നു. പ്രോട്ടസ്റ്റൻറു മതത്തിന്റെ അടിസ്ഥാനം പോലെയിരിക്കുന്ന ഈ വാദത്തിൽ യാഥാൎത്ഥ്യം എത്രത്തോളമുണ്ടെന്നു ഒന്നു പരിശോധിച്ചുനോക്കാം.

പ്രോട്ടസ്റ്റൻറു മതസിദ്ധാന്തപ്രകാരം ഈ വാദം യുക്തിയുക്തമാകണമെങ്കിൽ ഇതിനു വേദപുസ്തകത്തിൽത്തന്നെ ബലമായ അടിസ്ഥാനമുണ്ടായിരിക്കണം. എന്നാൽ ഇതിനെ വേദപുസ്തകത്തിൽ ചൂണ്ടിക്കാണിക്കുന്നതിനു അവൎക്കു ഇനിയും സാധിച്ചിട്ടില്ല. സകല മനുഷ്യരും സ്വീകരിച്ചു വിശ്വസിച്ചു വിശ്വസിക്കേണ്ടുന്നതിനായി മ്ശിഹായും അദ്ദേഹത്താൽ അധികൃതരായ ശ്ലീഹന്മാരും വെളിപ്പെടുത്തിയ ദൈവപ്രകാശനം മുഴുവനും പുതിയ നിയമപുസ്തകങ്ങളിൽ അടങ്ങി

യിരിക്കുന്ന യാതൊന്നും— കടശി രചിക്കപ്പെട്ട വി. യോഹന്നാൻെറ സുവിശേഷം പോലും— സാക്ഷ്യം തരുന്നില്ല. വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന ദൈവവചനം മാത്രം നാം സ്വീകരിച്ചാൽ മതിയെന്നു മ്ശിഹായൊ ശ്ലീഹന്മാരൊ പഠിപ്പിച്ചതായി നാം വേദപുസ്തകത്തിൽ ഒരിടത്തും കാണുന്നുമില്ല. പ്രത്യുത ശ്ലീഹന്മാർ പ്രസംഗിച്ച ദൈവ വചനം മുഴുവനും സ്വീകരിപ്പാൻ മ്ശിഹാ സകല മനുഷ്യരോടും ശിക്ഷാവിധിയിൻകീഴ് ആജ്ഞാപിച്ചിരിക്കുന്നുവെന്നു വേദപുസ്തകം സാക്ഷ്യം തരുന്നു. "നിങ്ങൾ ലോകം മുഴുവനും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിച്ചു മാമ്മോദീസാ സ്വീകരിക്കുന്നവൻ രക്ഷ പ്രാപിക്കും. വിശ്വസിക്കാത്തവനോയെന്നാൽ ശിക്ഷാവിധിയിൽ ഉൾപ്പെടും" (മർക്കോസ് ൧൬ അ. ൧൫. ൧൬). "ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളവ സമസ്തവും അനുസരിക്കുന്നതിന് അവരെ പഠിപ്പിപ്പിൻ" (മത്തായി ൨൮. ൨൦). നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു. നിങ്ങളെ നിരസിക്കുന്നവൻ എന്നെ നിരസിക്കുന്നു" (ലൂക്കാ ൧൦. ൧൬). ആകയാൽ മ്ശിഹായാലും ശ്ലീഹന്മാരാലും പ്രസംഗിക്കപ്പെട്ടതും വേദപുസ്തകത്തിൽ വ്യക്തമായി എഴുതപ്പെട്ടിട്ടില്ലാത്തതുമായ ദൈവ വചനമുണ്ടോയെന്നു പരിശോധിക്കുന്നതിനും ഉണ്ടെന്നു കണ്ടുപിടിക്കുന്ന പക്ഷം അതിനെ സ്വീകരിക്കുന്നതിനുമുള്ള കടമ ഗൌരവമേറിയതാകുന്നു.

പുതിയനിയമത്തിലെ ഓരോ പുസ്തകങ്ങളും ലേഖനങ്ങളും എഴുതപ്പെട്ട സാഹചര്യങ്ങളും വിധവും മററും പരിശോധിക്കുന്നപക്ഷം, ദൈവ വചനം മുഴുവനും അവയിൽ അടങ്ങിയിട്ടില്ലെന്ന് അനുമാനിക്കാവുന്നതാണ്. മാത്രമല്ല വേദപുസ്തകത്തിൽ എഴുതപ്പെടാത്തതും എന്നാൽ പ്രസംഗിക്കപ്പെട്ടതുമായ ദൈവ വചനം ഉണ്ടായിരിക്കണമെന്നു തീർച്ചപ്പെടുത്തുന്നതിനും ധാരാളം ന്യായങ്ങളുണ്ട്. വിശുദ്ധ പൗലോസുൾപ്പടെയുള്ള ൧൩ ശ്ലീഹന്മാരിൽ ൬ പേരും, ശ്ലീഹന്മാരുടെ ശിഷ്യരിൽ രണ്ടുപേരും മാത്രമേ വേദപുസ്തകങ്ങളെ രചിച്ചിട്ടുള്ളു. മററുള്ള ശ്ലീഹന്മാരും ശിഷ്യരും പ്രസംഗരൂപേണ മാത്രമേ ദൈവ വചനം അറിയിച്ചിട്ടുള്ളു. പുതിയനിയമത്തിലെ ഒന്നാമത്തെ പുസ്തകം പലസ്തീനായിലെ ക്രിസ്ത്യാനികളെ പ്രത്യേകം ഉദ്ദേശിച്ച് വി. മത്തായി ശ്ലീഹാ മ്ശിഹായുടെ സ്വർഗ്ഗാരോഹണത്തിൻെറ ശേഷം ഏകദേശം ൧൨ കൊല്ലങ്ങൾകഴിഞ്ഞപ്പോൾ എഴുതി. ഇതിൽ ദൈവവചനം മുഴുവനും എഴുതപ്പെട്ടിട്ടില്ലെന്നു, പിന്നീട്ടു വിരചിതമായ മററു പുസ്തകങ്ങളിൽ വിവരിക്കപ്പെടുന്ന സംഗതികളിൽ നിന്നു തീർച്ചപ്പെടുത്താം. മററു പുസ്തകങ്ങളും പലേ കാലങ്ങളിൽപലേ ഗ്രന്ഥകാരന്മാരാൽ പ്രത്യേക ആളുകളേയും സഭകളേയും ഉദ്ദേശിച്ച് എഴുതപ്പെട്ടവയാകയാൽ, അവയിൽ ഓരോന്നിലും മ്ശിഹായുടെ സമസ്ത ഉപദേശങ്ങളും പ്രമാണങ്ങളും എഴുതപ്പെട്ടിട്ടില്ലെന്ന് അവയെ തുലനംചെയ്തു പരിശോധിക്കുന്നവർക്കു എളുപ്പത്തിൽ കണ്ടുപിടിക്കാം. ഗ്രന്ഥകാരന്മാരുടെ പ്രത്യേകോദ്ദേശ്യങ്ങൾക്കു തക്കവണ്ണവും, പ്രത്യേക ആളുകളുടെയും സഭകളുടെയും സാഹചര്യങ്ങൾ അനുസരിച്ചും, അതുകളിൽ ഉപദേശങ്ങളും സംഭവങ്ങളും വിവരണങ്ങളും പ്രമാണങ്ങളും ഇടകലർത്തി ചേർക്കപ്പെട്ടിരിക്കുന്നു. ഗ്രന്ഥകാരന്മാർ പ്രസംഗരൂപേണ സവിസ്തരം പ്രതിപാദിച്ചിട്ടുള്ള പലേ അദ്ധ്യയനങ്ങളും പലപ്പോഴും സംക്ഷിപ്തമായി സൂചിപ്പിക്കപ്പെടുകമാത്രം ചെയ്തിരിക്കുന്നു. വേദപുസ്തകപാരായണംകൊണ്ടു മാത്രം ഇവയെ വ്യക്തമായി ഗ്രഹിക്കുന്നതിനു സാധിക്കുന്നതല്ല. പിന്നയോ ഗ്രന്ഥകാരന്മാർ വാമൊഴിയായി ഉപദേശിച്ചവകൾ അറിഞ്ഞിരിക്കണം.

മ്ശിഹാ പുനരുത്ഥാനത്തിൻെറ ശേഷം ൪൦ ദിവസങ്ങളോളം ഭൂമിയിൽ താമസിച്ചു ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെടുകയും ദൈവരാജ്യത്തെക്കുറിച്ചു പ്രതിപാദിക്കയും ചെയ്തു (ശ്ലീ. നടപടി. അ. ൧. വ. ൩.) എന്നാൽ അദ്ദേഹത്തിൻെറ പുനരുത്ഥാനജീവിതത്തിൻെറ വളരെ സാക്ഷിപ്തമായ ചരിത്രം മാത്രമേ വേദപുസ്തകത്തിൽ എഴുതപ്പെട്ടിട്ടുള്ളു. ൧ാം ശതകത്തിൻെറ അവസാനത്തിൽ— പുതിയ നിയമത്തിലെ ന

(?)

റെല്ലാപുസ്തകങ്ങളും എഴുതപ്പെട്ടതിന്റെ ശേഷം– വി. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ അദ്ദേഹം സാക്ഷ്യം നൾകുന്നതുപോലെ, "മ്ശിഹാ തന്റെ ശിഷ്യരുടെ മുമ്പാകെ മററനേകം അടയാളങ്ങളും പ്രവൎത്തിച്ചു. അവ ഈ പുസ്തകത്തിൽ എഴുതപ്പെട്ടിട്ടില്ല" (വി. യോഹ. ൨൦ അ. ൩൦ വ.) "ഈശോ പ്രവൎത്തിച്ചതായ മററനേക സംഗതികളുണ്ട് അവയിൽ ഓരോന്നും എഴുതപ്പെട്ടുന്നപക്ഷം ... ..." (യോഹ. ൩൧. ൨൫ വ.) ഇവകളെപ്പററി വിസ്താരമായ ജ്ഞാനം വിശ്വാസികൾക്കു ശ്ലീഹന്മാർ നൽകിയതു വാമൊഴിയായിട്ടത്രെ. (തുടരും.)

റവ: ഫാദർ റൊമേയോസ്
ടി. ഒ. സി. സി.

# പ്രധാനപ്പെട്ട ക്രിസ്തീയസഭകളുടെ ചരിത്രസംഗ്രഹം

൧. "കത്തോലിക്കാസഭ"– ഇതു അദൃശ്യനായ ഒരു ദൈവം ഉണ്ടെന്നും അവിടന്നാണു സകലത്തിന്റെയും ഏകമൂല കാരണമെന്നും അവിടുന്നു സുബോധത്തിനു വിപരീതമല്ലാത്ത ചില അദ്ധ്യാത്മസത്യങ്ങളെ ഓരൊ അവസരങ്ങളിൽ വെളിപ്പെടുത്തുകയും മനുഷ്യർ അവശ്യം അനുസരിക്കേണ്ടതായ ചില കൎമ്മങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ടെന്നും ആ സത്യങ്ങൾ മനുഷ്യർ വിശ്വസിക്കുകയും ആ കൎമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യാലല്ലാതെ സദ്ഗതി പ്രാപിക്കുകയില്ലായെന്നും പഠിപ്പിക്കുന്നു. ഇതു സൎവ്വജാതികൾക്കും ദേശങ്ങൾക്കും കാലങ്ങൾക്കും സ്ഥലങ്ങൾക്കും വേണ്ടിയുള്ളതായതുകൊണ്ടാണ് ആ അൎത്ഥമുള്ള "കത്തോലിക്കാ" എന്ന പദംകൊണ്ട് അതിനെ വിവക്ഷിച്ചിരിക്കുന്നത്.


൨. "ഗ്നൊസ്തിക്കർ"– പുറജാതിക്കാരുടെ വേദാന്തോക്തങ്ങളും ഗ്രീക്കരുടെ തത്വശാസ്ത്രോക്തങ്ങളുമായുള്ള സിദ്ധാന്തങ്ങളെ അനുസരിച്ചു ക്രൈസ്തവസത്യങ്ങളെ വ്യാഖ്യാനിച്ചുവന്ന ഒരു കൂട്ടരാണ്. തങ്ങൾ മഹാ ശാസ്ത്രജ്ഞന്മാരാണെന്നു വിചാരിച്ചുവന്നതിനാലാണു ജ്ഞാനികളെന്നു അൎത്ഥം ജനിപ്പിക്കുന്ന ഈ നാമം സ്വീകരിച്ചുവന്നത്. ഇവരിൽ ഒട്ടധികം അവാന്തരവിഭാഗങ്ങളുമുള്ളു. സകലവും ദൈവത്തിന്റെ ഭാവമാററമാണെന്നും അദൃശ്യസാധനങ്ങളൊക്കയും അന്ധകാരമൂലത്തിന്റെ ആക്രമണങ്ങൾ കൊണ്ടും സമ്മിശ്രണങ്ങൾ കൊണ്ടുമുണ്ടായിട്ടുള്ളതാണെന്നുമാണു അവരുടെ എല്ലാവരുടെയും പൊതുവായ പ്രബോധനം.

൩. "മൊന്താനിസ്റ്റർ" (Montonists)– ക്രൈസ്തവസഭയെ ഉപദേശിക്കുന്നതിനു പരിശുദ്ധാത്മാവിന്റെ പ്രേരണ പ്രേക്ഷിതന്മാൎക്കുണ്ടായിരുന്നതിൽ കൂടുതലായി തനിക്കുണ്ടെന്നു പറഞ്ഞുവന്ന മൊന്താൻ എന്നയാളാൽ സ്ഥാപിക്കപ്പെട്ട ഒരു കൂട്ടമാണ്. അവർ വിഗ്രഹാരാധന, വ്യഭിചാരം, നരഹത്യ, എന്നീ മൂന്നു പാതകങ്ങളെ മോചിക്കുന്നതിനു സഭയ്ക്കു അധികാരമില്ലാ എന്നു ഉപദേശിച്ചുവന്നു.

൪. "നൊവെസ്യാനർ" (Novatians)– പതിതന്മാർ മനസ്താപിക്കുന്നതായാലും അവരെ സഭയിൽ കൈക്കൊള്ളുവാൻ പാടില്ലായെന്നു വാദിച്ചുവരുകയും താൻ മാൎപ്പാപ്പായാണെന്നും ഭാവിക്കുകയും ചെയ്ത നൊവാസ്യനെന്നയാളുടെ പിൻഗാമികളാണ്.

൫. "മാനിക്കയന്മാർ" (Manicheans)– മിശിഹാ വാസ്തവമായ ശരീരമെടുത്തില്ലാ എന്നും. രണ്ടു മൂലകാരണങ്ങളുണ്ടെന്നും അതിൽ ഒന്നായ വെട്ടം നല്ല വസ്തുക്കളുടെയൊക്കയും മറെറാന്നായ ഇരുട്ടു സകല ദോഷവസ്തുക്കളുടെയും മൂലകാരണമാണെന്നു ഉപദേശിച്ചുവന്ന ഒരു പാരസികനായ മാനെസെന്നയാളുടെ ശിഷ്യരാണ്.

൬. "ദൊനത്തിസ്റ്റർ" (Donatists)– ഒരു മെത്രാനെ നിശ്ചയിച്ചതില്



A. D 100
200
300
400
500
600
700
800
900
1000
1100
1200
1300
1400
1500
1600
1700
1800
1900
THE CATHOLIC CHURCH
2 Gnostics
3. Montanists
4. Novatians
5. Manicheans
6. Donatists
7, Arians
8. Macedonians
9. Pelagians and Semipelagians
10. Nestorians
11. Euthychians
12. Monothelets
13. Graeco-Russians
14. Albigenses
15. Waldenses
16. Hussites
17. Lutherans
18. Zwinglians
19. Anglicans
20 Calvinists
. Presbyterians
22. Baptists
23. Jansenistss
24 Methodists
25 Evangelical
26. 6Irvingites
27. Adventists
28. Old Catholics.

ണ്ടായ നിസ്സാര വീഴ്ചയെ ആധാരമാക്കി ദൊനാത്തുസ് എന്നയാൾ ആരംഭിച്ച ഈ മതവിഭാഗം ദൈവപുത്രൻ പിതാവിനെക്കാൾ കുറയപ്പെട്ടവനാണെങ്കിലും പരിശുദ്ധാത്മാവിനെക്കാൾ ശ്രേഷ്ഠമായവനാണെന്നു പ്രബോധിപ്പിച്ചുവന്നവരുടെ കൂട്ടമാണ്.

൭. "അരിയർ" (Arians)– മ്ശിഹാ ദൈവമല്ലായെന്നു വാദിക്കുകയും നിത്യപിതാവിനോടു മ്ശിഹായ്ക്കുള്ള സമസ്വഭാവത്തെ നിഷേധിക്കുകയും ചെയ്ത അരിയുസ് എന്നയാളുടെ കൂട്ടരാണ്.

൮. "മക്കദോനിയർ" (Macedonians)– പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെ നിഷേധിച്ചുവന്നവരാണ്.

൯. "പെലാജിയന്മാരും അർദ്ധപെലാജിയന്മാരും" (Pelagians Semi-pelagians)– ജന്മപാപത്തെ നിഷേധിക്കുകയും ദൈവസഹായം കൂടാതെ ദൈവപ്രമാണങ്ങളെ അനുസരിക്കുന്നതിനു സാധിക്കുമെന്നു പെലാജിയന്മാർ വാദിച്ചുവന്നു. സ്വകൃതാനുവർത്തനാരംഭം ദൈവസഹായമില്ലാതെ സ്വഭാവശക്തികൊണ്ടും, സുകൃതാനുഷ്ഠാനത്തിൽ അവസാനം വരെയുള്ള നിലനിൽപ്പു സ്വപ്രവൃത്തികളുടെ യോഗ്യതകൊണ്ടും സാധിക്കാമെന്നു പറഞ്ഞുവന്നവരാണ് അർദ്ധപെലാജിയന്മാർ.

൧൦. "നെസ്റ്റോറിയർ" (Nestorians)– ഇവർ മ്ശിഹായിൽ രണ്ടാളുകൾ, ഒരു ദൈവാളും ഒരു മനുഷ്യാളും ഉണ്ടെന്നും കന്യാസ്ത്രീമറിയം ഗർഭം ധരിച്ചതും പ്രസവിച്ചതും മനുഷ്യാളെ മാത്രമാണെന്നും തന്നിമിത്തം ആ പരിശുദ്ധ കന്യകയെ ദൈവത്തിന്റെ മാതാവെന്നു വിളിക്കുന്നതു പരമാബദ്ധമാണെന്നും വാദിച്ചുവന്നവരാണ്.

൧൧. "എവുത്തിക്കന്മാർ" (Eutychians)– മ്ശിഹായിൽ ഏകസ്വഭാവം മാത്രമെയുള്ളുവെന്നു പ്രബോധിപ്പിച്ചു വന്നവരാണ്. തന്നിമിത്തം ഇവരെ ഏകസ്വഭാവവാദികൾ (Monophysites) എന്നും കൂടി പറയാറുണ്ടു. ഇവരുടെ ഒരു അവാന്തരവിഭാഗമാണു യാക്കോബായക്കാർ അഥവാ. ഇവിടങ്ങളിലുള്ള പുത്തൻകൂറ്റുകാർ.

൧൨. "മൊനൊതെലിസ്റ്റർ" (Monotheietos)– ഇവർ മ്ശിഹായ്ക്കു ഏകമനസ്സേയുള്ളു. ദൈവമനസ്സും മനുഷ്യമനസ്സുമില്ലാ എന്നു വാദിച്ചുവന്നവരാണ്. ഇതിനാൽ ഇവരെ ഏകചിത്തവാദികൾ എന്നുംകൂടി പറയാറുണ്ട്.

൧൩. "ഗ്രീക്കറഷ്യൻസഭ" (Greaco-Russian)– ഇവർ പരിശുദ്ധാത്മാവു പിതാവിൽ നിന്നു മാത്രമാണു പുറപ്പെടുന്നതു, പുത്രനിൽ നിന്നും കൂടിയല്ലാ എന്നു വിശ്വസിച്ചുവരുന്നു. ഇവർ മറ്റെല്ലാ സംഗതികളിലും കത്തോലിക്കാസഭയുടെ ഉപദേശങ്ങളെ തന്നെയാണു വിശ്വസിച്ചുപോരുന്നതു്.

൧൪. "അല്ബിജെനന്മാർ" (Albigenses)– രണ്ടു ദൈവവും രണ്ടു മിശിഹായും ഉണ്ടെന്നു വാദിച്ചുവന്നു. ഇവർ വിവാഹത്തെയും മറ്റു കൂദാശകളെയും ആക്ഷേപിക്കുകയും ശരീരോത്ഥാനം നിഷേധിക്കുകയും ചെയ്തുവന്നു.

൧൫. "വൊൾഡെന്മാർ" (Waldenses)– ഇവർ ലൌകികാധികാരികൾക്കുപോലും ഒരുത്തനെ മരണശിക്ഷക്കു വിധിക്കുന്നതു മഹാപാതകമാണെന്നും വാസ്തവസംഗതികൾക്കുവേണ്ടി കൂടെയും സത്യം ചെയ്യുന്നതു ഭയങ്കരപാപമാകുന്നുവെന്നും വൈദികർക്കു സമ്പത്തുണ്ടാകുവാൻ പാടില്ല എന്നും വാദിച്ചുവന്നു.

* ൧൬. "ഹുസിയിററർ" (Hussites)– മാർപ്പാപ്പാ തിരുസഭയുടെ കാണപ്പെട്ട തലവനല്ലായെന്നും മെത്രാന്മാരും പട്ടക്കാരും സമാധികാരികളാകുന്നുവെന്നും മനുഷ്യൻ അവശ്യം പാപം ചെയ്തുപോകുന്നുവെന്നും ദൈവം പാപത്തെ അംഗീകരിക്കുന്നുവെന്നും പാപസ്വീകാരം പാടേ അബദ്ധമാണെന്നും രാജ്യവാഴികൾ പാപംചെയ്യുന്ന വൈദികരെ ശിരച്ഛേദനം ചെയ്യേണ്ടതാകുന്നുവെന്നും ചാവദോഷത്തോടുകൂടിയിരിക്കുന്ന വൈദികരുടെ ആദ്ധ്യാത്മാധികാരം നഷ്ടമാകുന്നുവെന്നും ഉപദേശിച്ചുവന്നു.

* ൧൭. "ലൂഥരന്മാർ" (Luth-erns)– ഏതുവിധ തപസ്സും പ്രയോജനമററതാകുന്നുവെന്നും, വിശ്വാസം ഒന്നുകൊണ്ടുമാത്രമാണു രക്ഷപ്രാപിക്കുന്നതെന്നും കുർബാന ഒരു പരിഹാസ്യപ്രവൃ

ത്തിയാണെന്നും പ്രബോധിപ്പിക്കുകയും മാർപ്പാപ്പായുടെ പരമാധികാരത്തെയും ദണ്ഡവിമോചനത്തെയും ശുദ്ധീകരസ്ഥലത്തെയും സ്വാതന്ത്ര്യമനസ്സിനെയും മറ്റുപല കത്തോലിക്കാ സത്യങ്ങളെയും നിഷേധിക്കുകയും പട്ടക്കാർ വിവാഹം ചെയ്യേണ്ടതാകുന്നുവെന്നു ഉപദേശിക്കുകയും ചെയ്തുവന്ന ലൂഥെർ എന്നയാളുടെ പാനത്തെ പിഞ്ചെല്ലുന്നവരാണ്. എങ്കിലും മിശിഹാ അപ്പസാധനത്തോടുകൂടെയാണു സൽപ്രസാദത്തിലിരിക്കുന്നതു എന്നു പ്രബോധിച്ചുവരുന്നു.

* ൧൮. "സ്വിംഗ്ലിയന്മാർ" (Zwinglians)– ഏറക്കുറെ മേൽ പ്രസ്താവിച്ചവയാണ്. കൂട്ടതലായി സൽപ്രസാദത്തിൽ നിശ്ശേഷം മിശിഹാ ഇല്ലാ എന്നു പഠിപ്പിച്ചുവന്ന സ്വിംഗ്ലി എന്നയാളുടെ കൂട്ടരുമാണ്.

* ൧൯. "ആംഗ്ലിക്കന്മാർ" (Anglicans)– ഇംഗ്ലണ്ടിൽ രാജശക്തികൊണ്ടു സ്ഥാപിക്കപ്പെട്ട ഒരു പ്രോട്ടസ്റ്റൻറു കൂട്ടമാണ്. വേദപുസ്തകം വായിച്ചിട്ടു ഓരോരുത്തക്കു തോന്നുന്നതു വിശ്വസിക്കുകയും പ്രവത്തിക്കുകയും ചെയ്യാം. അവരുടെ ഉപദേശപ്രകാരം അവരിൽ വാസ്തവപട്ടക്കാരായി ആരും ഇല്ല. പല കത്തോലിക്കാ സത്യങ്ങളെ അനുസരിച്ചു വരുന്നവർ ചിലർ അവരിലുണ്ട്.

* ൨൦. "കല്വിനർ" (Calvinists)– ലൂഥറിനെപ്പോലെ, മനുഷ്യനു സ്വാതന്ത്ര്യമനസ്സില്ലായെന്നും അവരിൽ ഭൂരിപക്ഷത്തെയും നരകത്തിലിട്ടു പീഡിപ്പിക്കാൻ കരുതിതന്നെയാണു ദൈവം സൃഷ്ടിച്ചിരിക്കുന്നതെന്നും പാപത്തിൻെറ കാരണകത്താവു ദൈവംതന്നെയാകുന്നുവെന്നും വാദിച്ചും വൈദികാന്തസ്സു മാനുഷനിമ്മിതമാണെന്നും ഉപദേശിച്ചുംവന്ന കല്വിൻ എന്നയാളുടെ കൂട്ടരാണ്.

* ൨൧. "പ്രെസ്ബിറ്റേറിയങ്കാർ" (Presbyterians)– ക്രീസ്തുസഭയിൽ മെത്രാന്മാരെന്നു ഒരു സ്ഥാനമില്ലായെന്നും മൂപ്പന്മാർ മാത്രമെയുള്ളുവെന്നും വാദിക്കുന്ന ഒരു കൂട്ടരാണ്.

* ൨൨. "ബപ്റ്റിസ്റ്റർ അഥവാ സ്നാനന്മാർ" (Baptists)– ഇവർ ശിശുക്കളെ ജ്ഞാനസ്നാനപ്പെടുത്തുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ലായെന്നു വാദിക്കുകയും ദൃഢതപ്രാപിച്ചല്ലാതെ ജ്ഞാനസ്നാനപ്പെടുത്തുകയില്ലാ എന്നു ഒരു വ്രതം അനുഷ്ഠിക്കുകയും ചെയ്യുന്നവരാണ്. ജ്ഞാനസ്നാനംകൂടെയും പാപത്തെ മോചിക്കുന്ന ഒന്നല്ല അതു ഒരു വെറും ബാഹ്യാചാരം മാത്രമാണെന്നു ശഠിക്കുന്നു. അതു കൊടുക്കുന്നതുതന്നെ വെള്ളത്തിൽ മുക്കിയാണ്.

* ൨൩. "ജൻസനിസ്റ്റർ" (Jansenists)– മനുഷ്യക്കു സ്വാതന്ത്ര്യമില്ലായെന്നു അവിശ്വാസികളുടെ നല്ല പ്രവൃത്തിപോലും ശിക്ഷാർഹമായതാണെന്നും, ചില ദൈവപ്രമാണങ്ങൾ അനുസരിക്കുവാൻ നമ്മെക്കൊണ്ടു സാധിക്കുകയില്ലായെന്നും നമ്മെക്കൊണ്ടു നിവത്തിപ്പാൻ സാധിക്കാത്ത പുണ്യപ്രവൃത്തികളെക്കുറിച്ചുകൂടി നമ്മെ ദൈവം ശിക്ഷിക്കുമെന്നും മിശിഹാ എല്ലാവക്കുംവേണ്ടി മരിച്ചിട്ടില്ല, ചില പ്രത്യേക മനുഷ്യക്കുവേണ്ടി മാത്രമെ മരിച്ചിട്ടുള്ളുവെന്നും വാദിക്കുന്ന ഒരു സഭയാണ്.

* ൨൪. "മെത്തോഡിസ്റ്റർ" (Methodists)– ആംഗ്ലിക്കൻ സഭയുടെ ഒരു അവാന്തരവിഭാഗമാണ്. ഇതും വിശ്വാസത്താൽ മാത്രമാണു മനുഷ്യൻ നീതീകരിക്കപ്പെടുന്നതു എന്നു വാദിക്കുന്നുവെങ്കിലും വേദപ്രമാണങ്ങൾ അനുസരിച്ചുള്ള പ്രവൃത്തികളെ ആദരിക്കുന്നു. നിയമാതിരിക്തപ്രവൃത്തികളെ (Deeds of Superrogation) ആക്ഷേപിക്കുന്നു.

* ൨൫. "ഏവൻഗേലിസ്റ്റർ അഥവാ സുവിശേഷകർ" (Evangelists)– ലൂഥരന്മാരുടെയും കല്വീനരുടെയും ഉപദേശങ്ങൾ സംയോജിപ്പിച്ചുള്ള ഒരു കൂട്ടമാണ്.

* ൨൬. "ഇർവിൻജനർ" (Irvinjetes)– ആദ്യസഭയിലുണ്ടായിരുന്ന എല്ലാ സ്ഥാനങ്ങളും വേണ്ടതാണെന്നു വാദിക്കുകയും കത്തോലിക്കർ എന്ന നാമം സ്വീകരിക്കുകയും ചെയ്തുവന്ന ഒരു കൂട്ടമാണ്. ഇതിൻെറ സ്ഥാപകൻ ഇർവിൻജ് എന്നൊരുവനായിരുന്നതുകൊണ്ടാണു ഇതിനു ഇർവിൻജിനർ എന്നു പറയുന്നതു.

* ൨൭. "അഡ്വൻറിസ്റ്റു അഥവാ ആഗമനാത്ഥന്മാർ" (Adventists) മ്ശിഹായുടെ രണ്ടാമത്തെ വരവു അടു

ത്തിരിക്കുന്നവെന്നു പ്രബോധിപ്പിച്ചുവന്നവരാണ്. അവർ നിശ്ചയിച്ച രണ്ടു അവധികഴിഞ്ഞു.

൩൨. "പൂർവ്വകത്തോലിക്കർ" (Old Catholics)– വത്തിക്കാൻ ആലോചനസംഘംവരെ തീർച്ചപ്പെടുത്തിയ സത്യങ്ങളെ കത്തോലിക്കരെപ്പോലെ വിശ്വസിക്കുകയും അതിൽ തീർച്ചപ്പെടുത്തിയ മാർപ്പാപ്പായുടെ അപ്രമാദത്തെ വിശ്വസിക്കാതെ നിൽക്കുന്ന ഒരു സഭയാണ്. നന്നാ ചുരുക്കംപേരെ ഇതിലുള്ളു.

*N. B.* – ✻ ഈയടയാളമിട്ടു കാണിച്ചിട്ടുള്ള സഭകൾ വേദപുസ്തകം മാത്രം ആധാരമാക്കി വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പ്രോട്ടസ്റ്റണ്ടു സഭകളാണ്. അവരുടെ ഭിന്നത തന്നെ ആ സിദ്ധാന്തം എത്ര മഹാ അബദ്ധമാണെന്നു തെളിയിക്കുന്നു. ദൈവപ്രേരണയാൽ എഴുതപ്പെട്ട ഒരു പുസ്തകം തന്നെ ഭിന്നാഭിപ്രായങ്ങളെയും ഭിന്നസത്യങ്ങളെയും ഉപദേശിക്കുമെന്നുള്ളതു യുക്തിപൂർവ്വം മനുഷ്യബുദ്ധിക്കു സമ്മതിക്കാവുന്നതല്ല.

റവ: ഫാദർ ലെയൊന്തിയോസ്,
ടി. ഒ. സി. ഡി.

## സംഭാഷണം അഥവാ സംസാരം. (തുടർച്ച)

മനുഷ്യനാവു ശരീരത്തിലെ ഏററം ഉയൎന്ന സ്ഥാനമായ തലയിൽ, പ്രസംഗപീഠത്തിൽ അഥവാ പ്രധാനാസനത്തിൽ എന്നപോലെ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. മൃഗത്തിന്റേതുപോലെ വായിൽനിന്നു പുറപ്പെടുന്ന സ്വരം ഭൂമിമേൽ തട്ടിപ്പോകത്തക്ക സ്ഥിതിയിലും താണ സ്ഥലത്തും അല്ല. ഇതിന്റെ കാരണം എന്തു? മനുഷ്യൻ ശാരീരികവും ഭൗമികവുമായ കാൎയ്യങ്ങളെക്കുറിച്ചു സംഭാഷിക്കുന്നതിനെക്കാൾ അദ്ധ്യാത്മികവും മേൽപ്പെട്ടതുമായ സംഗതികളെക്കുറിച്ചും ദൈവത്തോടുകൂടിയും സംഭാഷിക്കേണ്ടവനാണെന്നും അഴുക്കിലും അശുചിയിലും രസിച്ചു മേളിക്കുന്ന മൃഗങ്ങളുടെ സ്ഥാനമല്ല മനുഷ്യനു ലഭിച്ചിരിക്കുന്നതു്. അവൻ അസഭ്യവും "അശുത"വുമായവകൾ സംസാരിക്കാതെ സൂക്ഷിക്കണമെന്നും പഠിപ്പിപ്പാനാകുന്നു. Qui de terra est de terra Loquitur.

മനുഷ്യനാവു് അടുപ്പിൽ എന്നപോലെ ചൂടുള്ള വായിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതും വെറുതെയല്ല. നമ്മുടെ സകല സംഭാഷണങ്ങളിലും സഹോദരസ്നേഹത്തിന്റെ ചൂടു ശ്വസിച്ചുകൊണ്ടിരിക്കണം. വാഗ്വാദവും ഭിന്നിപ്പും തൎക്കങ്ങളും ഉണ്ടാക്കുന്നവ വായിൽ നിന്നു പുറപ്പെടാതെ സൂക്ഷിക്കണം. എന്നിത്യാദി പാഠങ്ങൾ നമുക്കു തരുവാൻ വേണ്ടിയാകുന്നു. വനവാസശ്രേഷ്ഠനായ വി. മക്കാരിയൂസ് ഒരിക്കൽ ഒരു കള്ളൻ തന്റെ ഗുഹയിൽ നിന്നു പല സാമാനങ്ങൾ മോഷ്ടിച്ചുകൊണ്ടുപോയി കഴുതപ്പുറത്തു കേററുന്നതിനെ കണ്ടിട്ടു് ഒരു വഴിപോക്കനെന്നപോലെ അവന്റെയടുക്കൽ ചെന്നു് സാമാനങ്ങൾ കഴുതപ്പുറത്താക്കാൻ സഹായിച്ചുകൊണ്ടു സമാധാനത്തോടും സൌമ്യതയോടും കൂടി അവനോടു പറഞ്ഞതായതു്. "സഹോദരാ നാം ലോകത്തിലേക്കു ഒന്നും കൊണ്ടുവന്നില്ല, ലോകത്തിൽനിന്നു പോകുമ്പോൾ ഒന്നുംകൊണ്ടുപോകയുമില്ല, ദൈവം തന്നു ദൈവം എടുത്തു. സകലത്തിലും താൻ വാഴ്ത്തപ്പെട്ടവനാകട്ടെ"

മനുഷ്യനാവിന്റെ സ്ഥാനം ശരീരത്തിൽ ഒരുന്നത സ്ഥലത്താണെങ്കിലും കണ്ണ്, മൂക്ക്, ചെവി ഇവയ്ക്കു താഴെയാണല്ലൊ. കേട്ടതിന്റെ ശേഷമെ സംസാരിക്കാവു എന്നു പഠിപ്പിപ്പാൻ വേണ്ടി ചെവിക്കു താഴെ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു ഒരിക്കൽ ചെകിടനും ഊമനുമായ ഒരു മനുഷ്യനെ സുഖമാക്കിയപ്പോൾ ആദ്യം ചെവിയുടെ ന്യൂനത പരിഹരിച്ചിട്ടു പിന്നീടു നാവിന്റെ തടസ്സം തീൎത്തു. ആദ്യം ക്രിസ്തു തന്റെ വിരലിനെ

ചെവിയിലിട്ടു. പിന്നെ നാവിനെ സ്പർശിച്ചു. Apertae sunt aures ejus et solutum est Vinculum linguae ejus പരിശുദ്ധാത്മാവു പന്തക്കുസ്തു തിരുനാളിൽ ആദ്യം സ്വരത്തിലും പിന്നീടു നാവിൻെറ ഭാഷയിലും തൻെറ ആഗമനത്തെ വെളിപ്പെടുത്തി.

നാവു കണ്ണിൻെറ താഴെ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു നാലു ഭാഗവും നോക്കിക്കാണാതെയും സാഹചര്യങ്ങൾ സൂക്ഷിക്കാതെയും സംസാരിച്ചുകൂടാ എന്നു പഠിപ്പിപ്പാനല്ലാതെ മറെറന്തിനാണ്. നാവിൻെറ സ്ഥാനം മൂക്കിനുതാഴെ ആക്കിയിരിക്കുന്നതും മററുള്ളവരുടെ കുറവുകളെ തീക്കാൻ പുറപ്പെടുന്നതിനുമുമ്പു സ്വന്ത കുറവുകളെ തിരുത്തണം എന്നു ഗ്രഹിപ്പിപ്പാനാണ്. നാം ദീഘമായ സംസാരത്തിനു ഭാവിക്കുമ്പോൾ മൂക്കു തുടച്ചു ശുചിയാക്കാറുള്ളതു എന്തിനായിട്ട്. മൂക്കിൽ നിന്നു ദുർനീരു ഒഴുകിവന്നു സംസാരത്തെ തടസ്സപ്പെടുത്താതിരിപ്പാനാണ്. ഇപ്രകാരം അന്യരെ ഉപദേശിപ്പാനോ പഠിപ്പിപ്പാനോ പുറപ്പെടുന്നതിനു മുമ്പു സ്വന്തകുറവുകളെ തിരുത്തുവാൻ ശ്രമിക്കണം എന്നു പഠിപ്പിപ്പാൻവേണ്ടി പ്രകൃതി നാവിനെ മൂക്കിൻെറ താഴെ സ്ഥാപിച്ചു.

പല്ലും ചുണ്ടും എന്ന രണ്ടു മതിൽക്കെട്ടിനുള്ളിൽ കാരാഗൃഹത്തിൽ എന്നപോലെ നാവിനെ വായിൽ സ്ഥാപിച്ചിരിക്കുന്നതു്. ക്രൂരനായ നായയെപ്പോലെ നാവിനെ സൂക്ഷിക്കണം. മനുഷ്യരെ കടിച്ചുപദ്രവിപ്പാൻ എളുപ്പത്തിൽ തുറന്നുവിടരുതു്, എന്നും ആദ്യമായി ടി. വാതിലുകൾ രണ്ടും തുറക്കേണ്ടതായിരിക്കയാൽ ആവശ്യത്തിനു മാത്രവും ആലോചനയോടു കൂടിയും സംസാരിക്കണം എന്നും നമ്മെ ഗ്രഹിപ്പിപ്പാൻ വേണ്ടിയാകുന്നു. കൊക്കിൻെറ കഴുത്തുപോലെ മനുഷ്യൻെറ കഴുത്തു നീണ്ടതായിരുന്നാൽ നന്നായിരുന്നു എന്നു എജിഡിയൂസ് മിനോരീത്താ എന്നയാൾ ആഗ്രഹിച്ചു പറഞ്ഞിരുന്നു. അദ്ദേഹം ഇതിനാൽ ഉദ്ദേശിച്ചിരുന്നതു നീണ്ട കഴുത്തായാൽ അത്രയ്ക്കു ദീഘ വഴി സഞ്ചരിച്ചിട്ടു വേണം സംസാരം വെളിക്കു വരാൻ. അതിനാൽ സംസാരത്തിനു താമസം നേരിടുമെന്നതാണ്. പക്ഷെ പ്രകൃതി ഇതിനു തക്ക വ്യവസ്ഥകൾ ഏർപ്പെടുത്തീട്ടുണ്ട്. നാവിനെ രണ്ടു മതിലിനുള്ളിൽ സ്ഥാപിച്ചു. അതിവേഗത്തിൽ അവയെ തുറക്കുന്നവർ അതിനാൽത്തന്നെ തങ്ങളുടെ അജ്ഞതയെ വെളിപ്പെടുത്തുന്നു. വി അന്തോനീസിൻെറ അടുക്കൽ വൃദ്ധനും ഭക്തനുമായ ഒരാൾ വായാടികളായ രണ്ടു സഹോദരന്മാരോടുകൂടി ഒരിക്കൽ ചെന്നു. വി. അന്തോനീസും അവരുമായി കുറെയെല്ലാം സംസാരിച്ചശേഷം ആ വൃദ്ധനോടു വി. അന്തോനീസ് പറഞ്ഞു. "പിതാവേ! വാഗ്വൈഭവമുള്ളവരും നല്ലവരുമായ രണ്ടുപേരെ അങ്ങേക്കു കൂട്ടായി കിട്ടിയല്ലൊ. അപ്പോൾ ആ വൃദ്ധൻ നല്ലവരാണെങ്കിലും അവരുടെ വീടിനു കതകില്ല. മനസ്സുപോലെ ആക്കം തൊഴുത്തിൽ കടന്നു കഴുതയെ അഴിച്ചു കൊണ്ടുപോകാം എന്നുമറുപടി പറഞ്ഞു. ആ സഹോദരന്മാർ വായിൽ വരുന്നതൊക്കെ പറയുന്നവരാണെന്നു കാണിച്ചു.

(തുടരും)

മുണ്ടാട്ടു ചുണ്ടയിൽ മാണിക്കത്തനാർ.

---

## സകല ക്രിസ്ത്യാനികളും അറിഞ്ഞിരിക്കേണ്ടതും വിശ്വസിക്കേണ്ടതും പ്രവൎത്തിക്കേണ്ടതുമായ സംഗതികളുടെ ഒരു സംക്ഷേപചരിത്രം.

(തുടർച്ച)

വീണ്ടെടുപ്പ്.

ഈശോമിശിഹായെന്ന ഈയാൾ നമ്മുടെ പാപപരിഹാരാൎത്ഥം സ്വമനസ്സാലെ അനേക പാടുപീഡകൾ അനുഭവിച്ചു ഒരു കുരിശിൽ തറക്കപ്പെട്ടു ഒരു വെള്ളിയാഴ്ചദിവസം മരണം പ്രാപിച്ചു. അ

വിട്ടുന്ന മനുഷ്യനെന്ന നിലയിൽ പീഡകൾ അനുഭവിക്കയും, ദൈവമെന്ന നിലയിൽ ആ പാട്ടകൾക്കു അളവററ ഫലം നൽകുകയുമത്രെ ചെയ്തതു്. അങ്ങേ പങ്കപ്പാടിനാലും മരണത്താലും നമ്മെ നിത്യനാശത്തിൽനിന്നു വീണ്ടെടുത്തു. ഇതത്രെ മനുഷ്യരക്ഷണം അഥവാ മനുഷ്യവൎഗ്ഗത്തിൻെറ വീണ്ടെടുപ്പു എന്ന പരമ രഹസ്യം' മ്ശിഹാ മരണശേഷം മൂന്നാംനാൾ ഒരു ഞായറാഴ്ച ദിനം (ഉയിർപ്പു ഞായറാഴ്ചയിൽ) കല്ലറയിൽനിന്നു സ്വശക്തിയാൽ ഉയിൎത്തെഴുന്നേല്ക്കയും, ഇതിൻെറ നാല്പതാംദിവസം ഒരു വ്യാഴാഴ്ച (സ്വൎഗ്ഗാരോഹണത്തിരുനാളിൽ, സ്വശക്തിയാൽ തന്നെ സ്വൎഗ്ഗത്തിലേക്കു ആരോഹണം ചെയ്കയും ചെയ്തു. ഈ സ്വൎഗ്ഗാരോഹണത്തിൻെറ പത്താം നാൾ പന്തക്കുസ്തു തിരുനാളിൽ) അവിടുന്നു തൻെറ ശിഷ്യരായ 'ശ്ലീഹന്മാരുടെ' മേൽ റൂഹാദക്കുദശാതമ്പുരാനെ അയച്ചു. ലോകാവസാനസമയം, അതിന്നു മുമ്പായിത്തന്നെ മരിച്ചിട്ടു് അപ്പോൾ ഉയിക്കുമെന്ന സകലരേയും വിധിപ്പാനായി വീണ്ടും അവിടുന്നു പ്രഭയോടെ വരുന്നതാണു്. അപ്പോൾ ശിഷ്ടൎക്കു സ്വൎഗ്ഗീയ പറുദീസായും, ചാവദോഷത്തോടെ മരിച്ച ദുഷ്ടൎക്കും, ദൈവത്തെ ദുഷിച്ചവൎക്കും, മോഹ പാപികൾക്കും, പാപവഴികളിൽ ശാഠ്യമായിനിന്ന മററു ദുൎമ്മാൎഗ്ഗികൾക്കും നരകവും പ്രതിഫലമായി കല്പിച്ചരുളും. സ്വൎഗ്ഗവും, നരകവും എന്നേക്കും അതായതു അവസാനമില്ലാതെ നിലനിൽക്കുന്നതുമാണു്.

## തിരുസഭ.

ഈശോമ്ശിഹാ ഈ ലോകത്തിൽ ഒരു സഭയെ ഏൎപ്പെടുത്തിയിട്ടുണ്ടു്. ഇതാകുന്നു തിരുസഭ അഥവാ ശുദ്ധ പള്ളി എന്നു പറയപ്പെടുന്നതു്. ഇതിൻെറ തലവൻ ഇതിൻെറ സ്ഥാപകനായ മ്ശിഹാ തന്നെയാകുന്നു. എന്നാൽ ഈ ലോകമേപ്പാടിന്നു മുമ്പായി തന്നെ തൻെറ ഈ സഭ മുഴുവൻെറയും ദൃശ്യതലനും, തൻെറ വികാരി അഥവാ പ്രതിനിധിയുമായി തൻെറ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരുവനായ വി. പത്രോസിനെ സ്ഥാപിച്ചു. ഈ ദേഹത്തിൻെറ ന്യായമായുള്ള പിന്തുടൎച്ചാവകാശി 'മാർപ്പാപ്പാ' എന്നു വിളിക്കപ്പെടുന്ന റോമ്മയുടെമെത്രാനത്രേ. മ്ശിഹായുടെ മററു ശ്ലീഹന്മാരുടെയും ശിഷ്യരുടെയും സ്ഥാനത്തിൽ അവരുടെ അനുഗാമികളായിരിക്കുന്നവരത്രെ 'മെത്രാന്മാർ' എന്നും 'പട്ടക്കാർ' എന്നും വിളിക്കപ്പെടുന്നവർ. ഇതിനാൽ മ്ശിഹാ നൽകിയിട്ടുള്ള അധികാരത്താലെ തിരുസഭയെ ഭരിച്ചുകൊണ്ടുവരുന്ന അതിൻെറ ദൃശ്യതലവനായ മാർപ്പാപ്പായ്ക്കും അതിൻെറ ന്യായപ്രകാരമുള്ള മററു ഭരണാധികാരികൾക്കും നാം അനുസരണയുള്ളവരായിരിക്കേണ്ടതത്രെ.

മ്ശിഹായാൽ സ്ഥാപിതമായ തിരുസഭ ഒന്നുമാത്രമെ ഉണ്ടാകുവാൻ പാടുള്ളു. എന്തെന്നാൽ ഒരേസാരമായ വേദസംഗതിയെപ്പററി പരസ്പരം വിരുദ്ധമായ പഠനങ്ങളെ പഠിപ്പിക്കുന്ന രണ്ടു സഭകൾ ഉണ്ടെങ്കിൽ അവയിൽ ഒന്നു നിശ്ചയമായും ദൈവത്തിൽനിന്നുള്ളതൊ സത്യസഭയൊ ആയിരിപ്പാൻ വഹിയാ. ഈ സ്ഥിതിയിൽ, ക്രിസ്തീയ സഭകൾ തന്നെ അനേകം ഉണ്ടായിരിക്കെ അവയിൽവച്ചു ഏക സത്യസഭ ഏതെന്നു തിരിച്ചറിയുന്നതിന്നു തക്കതായ ചില പ്രത്യേക ലക്ഷണങ്ങൾ കൂടിയേ മതിയാവൂ. എന്തെന്നാൽ സത്യസഭയ്ക്കു പുറമെ രക്ഷക്കൂടെ അസാദ്ധ്യമായിരിക്കെ, അതിനെ അനുസരിച്ചു നടക്കേണ്ടതു എവൎക്കും കടമായിരിക്കയാൽ ഈ സഭ ഏതെന്നു അറിയുന്നതിന്നു ഉപയുക്തങ്ങളായ ചില അടയാളങ്ങൾ അത്യാവശ്യമത്രെ.

ഏതെങ്കിലും ഒരു സഭ മ്ശിഹായാൽ സ്ഥാപിതമായ സത്യസഭ ആകണമെങ്കിൽ ആദ്യംതന്നെ മ്ശിഹായുടെ കാലം മുതൽ ഇന്നേവരെയുമുള്ള അതിൻെറ പഠനങ്ങൾ ഒന്നുതന്നെയായിരിക്കയും ഈ സഭയുടെ അംഗങ്ങളെല്ലാം വേദകാൎയ്യങ്ങളിൽ തൎക്കങ്ങൾ ജനിക്കുമ്പോൾ ശരിയായ ഒരു തീർപ്പു ചെയ്യേണ്ടതിലേക്കു മിശിഹായിൽ നിന്നു "അപ്രമാദത്വവരം" ലഭിച്ചിട്ടുള്ള ഒരേക ന്യായാധിപൻെറയും ഭരണാധികാരിയുടെയും ആജ്ഞയിൻകീഴ ആയിരിക്കയും വേണം. അഥവാ "ഏകമായിരിക്കണം" പിന്നെയും ഈ സഭയുടെ

വിശ്വാസ സന്മാൎഗ്ഗസംബന്ധമായ പഠനങ്ങളും അവയുടെ അഭ്യസനത്തിന്നായി സഭ കാണിച്ചുതരുന്ന മാൎഗ്ഗങ്ങളും പരിശുദ്ധമായിരിക്കണം. അഥവാ സഭ 'പരിശുദ്ധമായിരിക്കണം.'— അപ്രകാരം തന്നെ ഈ സഭ എല്ലാക്കാലങ്ങൾക്കും, സ്ഥിതികൾക്കും, ദേശക്കാൎക്കും പൊതുവായിട്ടുള്ളതായിരിക്കണം. അഥവാ സഭ 'കത്തോലിക്കയായിരിക്കണം.'— കൂടാതെയും ഈ സഭ ശ്ലീഹന്മാരാൽ ഒരിക്കൽ നൽകപ്പെട്ടിട്ടുള്ള ഉപദേശങ്ങളെത്തന്നെ എല്ലാകാലത്തും പഠിപ്പിക്കുന്നതും പട്ടസ്ഥാനാധികാരങ്ങൾ ശ്ലീഹന്മാരിൽനിന്നു ഇടവിടാത്ത ഒരു തുടർച്ചയായി സിദ്ധിച്ചിരിക്കുന്നതുമായിരിക്കണം. അഥവാ സഭ 'ശ്ലീഹാസ്ഥാപിതമായിരിക്കണം.'— ന്യായമായും ആവശ്യമായും വേണ്ട ഈ നാലു ലക്ഷണങ്ങളോടുകൂടിയ സഭ മാത്രമേ മ്ശിഹായാൽ സ്ഥാപിതമായ "സത്യ സഭയെന്നു വിളിക്കപ്പെടാവൂ. എന്നാൽ ഈ എല്ലാ ലക്ഷണങ്ങളോടും കൂടിയ ക്രിസ്തീയസഭ 'റോമൻ കത്തോലിക്കസഭ' ഒന്നു മാത്രമേയുള്ളു.

ഇതിനാൽ, തിരുസഭ അഥവാ ശുദ്ധ പള്ളി എന്നതു 'മ്ശിഹായാൽ സ്ഥാപിതമായ ഒരേ സത്യവേദത്തെ അനുസരിച്ചും, ഒരേ കൂദാശകളെ സ്വീകരിച്ചുംകൊണ്ടു് മ്ശിഹായുടെ വികാരിയായ ശുദ്ധ പാപ്പായുടെ ആജ്ഞയിങ്കീഴ നടക്കുന്ന മാമ്മോദീസ കൈക്കൊണ്ടിട്ടുള്ള വിശ്വാസികളുടെ ഒരു കൂട്ടം അഥവാ സമൂഹം അത്രേ. ഈ തിരുസഭയ്ക്കുപുറമെ രക്ഷയില്ല. അതായതു് ഈ സഭയുടെ ഒരു അംഗമായിരിപ്പാനോ അതിന്റെ ഉപദേശങ്ങളെ കേട്ടനുസരിച്ചു നടപ്പാനോ വിസമ്മതിക്കുന്ന യാതൊരുവനും നിത്യരക്ഷപ്രാപിക്കയില്ല. തിരുസഭയെന്നതിൽ, അതിന്റെ വിസ്തീൎണ്ണാൎത്ഥത്തിൽ, ഈ ലോകത്തിൽ ജീവിച്ചിരിക്കുന്ന സത്യവിശ്വാസികൾ മാത്രമല്ല, പിന്നെയൊ സ്വല്പപാപങ്ങളുടെയൊ, പാപങ്ങൾക്കുള്ള പരിഹാരം പൂൎണ്ണമായി തീൎക്കാതെയൊ മരിക്കുന്നവരുടെ പൂൎണ്ണശുദ്ധീകരണത്തിന്നായി നിശ്ചയിക്കപ്പെട്ടിട്ടുള്ള മദ്ധ്യസ്ഥലമായ ബെസ്കൂക്കാനായിൽ അഥവാ ശുദ്ധീകരണസ്ഥലത്തിൽ ഇരിക്കുന്ന ആത്മാക്കളും, സ്വൎഗ്ഗത്തിൽ നിത്യഭാഗ്യം അനുഭവിക്കുന്ന 'വിശുദ്ധരും' കൂടെ ചേരുന്നതാകുന്നു.

നാം വിശുദ്ധരുടെയും നീതിമാന്മാരുടെയും പുണ്യയോഗ്യതയ്ക്കു ഓഹരിക്കാരാകുന്നതും, കുൎബാന എന്ന ദിവ്യ പൂജയാലും, നമ്മുടെ അപേക്ഷകളും സൽപ്രവൃത്തികളും വഴിയായും 'ദണ്ഡവിമോചനം' എന്ന അമൂല്യനിക്ഷേപത്തിന്റെ പ്രയോഗത്താലും ശുദ്ധീകരണസ്ഥലത്തിലുള്ള ആത്മാക്കളെ നമുക്കു സഹായിക്കാവുന്നതുമാണ്. ഇതത്രേ 'പുണ്യവാന്മാരുടെ ഒരുമ്പാട്ട്' അഥവാ വിശുദ്ധരുടെ അന്യോന്യ ഗുണാനുഭവം എന്നു പറയപ്പെടുന്നതു്. മ്ശിഹാ തന്റെ തിരുസഭയ്ക്കു മനുഷ്യരുടെ ഏതുവിധ പാപങ്ങളേയും മോചിക്കുന്നതിന്നുള്ള അധികാരവും കല്പിച്ചുകൊടുത്തിട്ടുണ്ട്. ഇതാകുന്നു 'പിഴകളുടെ പൊറുതി' എന്നു പറയപ്പെടുന്നതിന്റെ സാരം.

## വിശ്വാസവും സൽപ്രവൃത്തികളും.

മേൽവിവരിക്കപ്പെട്ടിട്ടുള്ള സത്യങ്ങളെല്ലാം 'ആകാശവും ഭൂമിയും സൃഷ്ടിച്ച' എന്നാരംഭിക്കുന്ന ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിൽ അടങ്ങിയിട്ടുണ്ട്. ഇതിൽ പറയപ്പെട്ടിരിക്കുന്നവയെല്ലാം നാം വിശ്വസിക്കേണ്ടവകളത്രെ. എന്നാൽ 'വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ അസാദ്ധ്യമായിരിക്കുന്നു'. നമ്മുടെ വേദത്തിന്റെ സത്യങ്ങളും പഠനങ്ങളും ഏവയെല്ലാമെന്നു് വേദപുസ്തകത്തിലും പാരമ്പൎയ്യ പഠനത്തിലും നിന്നത്രേ നാം അറിയുന്നതു്. ഇതിനാൽ, ഇവയത്രേ നമ്മുടെ വിശ്വാസത്തിന്റെ തെറ്റുവരുന്ന മട്ടമായി ഗണിക്കപ്പെടേണ്ടതു്. 'വേദപുസ്തക'മാവട്ടെ റൂഹാദക്കുദശാ തമ്പുരാന്റെ നിശ്വാസനത്തിങ്കീഴ മ്ശിഹായുടെ വരവിന്നു മുമ്പായി ദീൎഘദൎശികളാലും, വിശുദ്ധഗ്രന്ഥകാരന്മാരാലും എഴുതപ്പെട്ടിട്ടുള്ള പഴയ നിയമവും മ്ശിഹായുടെ വരവിന്നുശേഷം ശ്ലീഹന്മാരാലും സുവിശേഷകന്മാരാലും രചിക്കപ്പെട്ടിട്ടുള്ള പുതിയ നിയമവും കൂടിയതത്രേ. 'പാരമ്പൎയ്യപഠനം'എന്നതു വേദപുസ്തകംപോലെ എഴുതപ്പെടാതെ മ്ശിഹായുടെ

തന്നെ ജീവസ്സ്വരത്താലും, ശ്ലീഹന്മാരാലും നൽകപ്പെട്ടതും കാലാന്തരംകൊണ്ടു ഭേദഗതികൂടാതെ നിരന്തരമായി നമുക്കു ലഭിക്കുന്നതുമായ ദൈവത്തിൻെറ വചനം തന്നെയാകുന്നു. ഇതിനാൽ യഥാൎത്ഥ പാരമ്പൎയ്യപഠനത്തേയുംവേദപുസ്തകത്തേപ്പോലെ തന്നെ നാം മതിക്കേണ്ടതത്രെ. എന്നാൽ വേദപുസ്തകമായി ഗണിക്കപ്പെടേണ്ട പുസ്തകങ്ങൾ ഏവയെന്നും, യഥാൎത്ഥപാരമ്പൎയ്യപഠനങ്ങൾ ഏവയെന്നും നമുക്കു ശരിയായികാണിച്ചുതരുന്നതിന്നു തിരുസഭയ്ക്കു മാത്രമെ സാധിക്കയുള്ളു.

വേദസത്യങ്ങളെ നമ്മോടു അറിയിക്കുന്ന മനുഷ്യരുടെ വാക്കിന്മേൽ ആശ്രയിച്ചുകൊണ്ടല്ല പിന്നെയൊ ഇവകൾ സത്യസ്വരൂപിതന്നെയായ ദൈവത്താൽ തന്നെ വെളിപ്പെടുത്തപ്പെട്ടിട്ടുള്ളവയും, ഒരിക്കലും, തെറുവാൻ പാടില്ലാത്ത തിരുസഭയാൽ പഠിപ്പിക്കപ്പെടുന്നവയും ആകുന്നു വെന്നതിനാലത്രെ ഇവകളെ നാം ഉറപ്പായി വിശ്വസിക്കേണ്ടതു്.

നിത്യരക്ഷപ്രാപിക്കുന്നതിന്നു വേദസത്യങ്ങളെയെല്ലാം മുഴുവനായ ഹൃദയത്തോടെ ഉറപ്പായി വിശ്വസിക്കയും, വചനത്താൽ അനുസരിച്ചു പറയുകയും ചെയ്താൽ മാത്രം പോരാ, പിന്നെയൊ ക്രിസ്ത്യാനിക്കു യോഗ്യമായ ഒരു ജീവിതം അനുഷ്ഠിക്കയും അതായതു് ദൈവത്തിൻെറയും തിരുസഭയുടെയും കല്പനകളെ ശരിവരെ അനുസരിച്ചു് പുണ്യങ്ങളെ അഭ്യസിക്കയും പാപങ്ങളെ വെറുത്തുദ്വേഷിക്കയും കൂടെ ചെയ്യേണ്ടിയിരിക്കുന്നു. ഒരു പക്ഷിക്കു് ആകാശത്തിലേക്കു പറക്കണമെങ്കിൽ രണ്ടു ചിറകുകളും ആവശ്യമത്രെ; രണ്ടിൽ ഏതിന്നെങ്കിലും ഒന്നിന്നു കേടുഭവിച്ചാൽ പറക്കുവാൻ സാധിക്കയില്ല. ഇപ്രകാരം തന്നെ നമുക്കും സ്വൎഗ്ഗത്തിലേക്കു പോകണമെങ്കിൽ വിശ്വാസവും സൽപ്രവൃത്തികളും ആയ ഈ രണ്ടു ചിറകുകളും കൂടിയേമതിയാവു; ഏതെങ്കിലും ഒന്നു മാത്രംകൊണ്ടു് രക്ഷപ്രാപിക്കയില്ലെന്നുള്ളതുനിശ്ചയംതന്നെ. നാം സൽക്രിയകളെ ചെയ്യേണ്ടതു ദൈവത്തിൻെറയും തിരുസഭയുടെയും കല്പനകളെ അനുസരിച്ചുകൊണ്ടാകുന്നു. (തുടരും.)

റവ: ഫാദർ ഗ്രിഗോരി ടി. ഒ.സി.ഡി.

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു്.

കുംഭമാസം. വി. സ്കൊളാസ്റ്റിക്കാ.

പ്രിയ കുട്ടികളേ!

വി. സ്കൊളാസ്റ്റിക്കാ എന്ന മേല്പറയപ്പെട്ട പുണ്യവതിയുടെ പേർ നിങ്ങളിൽ അധികംപേരും കേട്ടിട്ടുണ്ടായിരിക്കയില്ല. എന്നാൽ വി. ബനദീക്തോസെന്നുള്ള നാമം ഏറെക്കുറെ എല്ലാവൎക്കും പരിചയമുള്ളതായിരിക്കണം. വി. ബനദിക്തോസെന്ന ആ മഹാ പുണ്യവാൻെറ സഹോദരിയാണു് വി. സ്കൊളാളാസ്റ്റിക്കാ എന്നു വിളിക്കപ്പെടുന്ന കന്യക. ക്രിസ്ത്വാബ്ദം ആറാം ശതവൎഷത്തിൽ– എന്നുവച്ചാൽ ഏകദേശം ഒരു ആയിരത്തിനാനൂറു വൎഷങ്ങൾക്കു മുമ്പാണു്. ഈ മഹാത്മാക്കൾ സൂൎയ്യചന്ദ്രന്മാരെപ്പോലെ ഇത്താല്യാ എന്നു പറയപ്പെടുന്ന യൂറോപ്പിലെ ആ രാജ്യത്തിൽ ശോഭിച്ചു വിളങ്ങിയിരുന്നതു്.

വി. ബനദീക്തോസിനേ, ബാലനായിരിക്കയിൽ, വിദ്യാഭ്യാസത്തിന്നായി റോമാനഗരത്തിലേക്കയച്ചു. എന്നാൽ അവിടത്തേ വിദ്യാൎത്ഥികളുടെ സംപ്രദായങ്ങളും ജീവിതമുറകളുമൊന്നും നമ്മുടെ പുണ്യബാലനു ഒട്ടും രസിച്ചില്ല. ഇത്ര തിന്മനിറഞ്ഞ ഈ കൂട്ടരോടുകൂടി ഇനി ജീവിച്ചിട്ടേ കാൎയ്യമില്ലെന്നു നിശ്ചയിച്ചു ലോകചിന്തകളിൽ നിന്നെല്ലാം അകന്നു ദൈവത്തേ സ്നേഹിച്ചു ജീവിക്കുന്നതിന്നായി ആ പരിശുദ്ധ ബാലൻ പ്രത്യേക ദൈവതോന്നിപ്പാലേ അടുത്തുണ്ടായിരുന്ന ഒരു മലയിലേക്കു ഓടിപ്പൊയ്ക്കളകയാണുണ്ടാ

യതു്. മൂന്നുവൎഷം മുഴുവൻ അവിടെ ഒരു ഗുഹയ്ക്കുള്ളിൽ പ്രാൎത്ഥനയിലും തപസ്സിലും തന്നേ ആരും അറിയാതെ കഴിച്ചുകൂട്ടി. അപ്പോഴേയ്ക്കും ആ ദേഹത്തിന്റെ പുണ്യ കീൎത്തി നാടെങ്ങും പ്രചരിച്ചു. അനവധിയാളുകൾ പുണ്യവാന്റെ ശിഷ്യരായി ചെന്നുചേരുകയും അവിടെത്തന്നെ അദ്ദേഹത്തോടുകൂടെ വസിച്ചു തുടങ്ങുകയും ചെയ്തു. ഇപ്പോൾ ലോകമെങ്ങും കീൎത്തി പ്രാപിച്ചിരിക്കുന്ന ബനദീക്തോസ് സഭക്കാരെന്ന സന്യാസികളുടെ ആരംഭം ഇപ്രകാരമായിരുന്നു.

ആദ്യം താമസിച്ചിരുന്ന ആ സ്ഥലത്തു പന്ത്രണ്ടോളം ആശ്രമങ്ങൾ സ്ഥാപിച്ച ശേഷം വി. ബനദീക്തോസ് മോന്തെ കസ്സീനോ എന്നൊരു സ്ഥലത്തേയ്ക്കു മാറിപ്പാൎത്തു. അവിടെ ഒരു മഹാ വലിയ ആശ്രമം പണിയിക്കയും, മരണപൎയ്യന്തം അതിൽതന്നേ താമസിച്ചുവരികയും ചെയ്തു. അങ്ങനെയിരിക്കയിൽ ചെറുപ്പം മുതൽ ഭക്തിയിലും ദൈവപേടിയിലും വളൎന്നുവന്നിരുന്ന മേല്പറഞ്ഞ സ്കൊലാസ്റ്റിക്കാ എന്ന തന്റെ സഹോദരിയും ദൈവശുശ്രൂഷയ്ക്കായി തന്റെ കാലം ചെലവിടണമെന്നു തീൎച്ചപ്പെടുത്തി, മോന്തെ കസ്സീനോയിൽ നിന്നു ഏകദേശം അഞ്ചു മൈൽ അകലെയായി ഒരു കന്യകാമഠം ആരംഭിച്ചു. അനേകം കന്യകകൾ അതിൽ വന്നു വാസം ഉറപ്പിക്കയും നമ്മുടെ പുണ്യവതി അവരെ എല്ലാവരേയും, അമ്മയ്ക്കുടുത്ത പക്ഷത്തോടേ കൈക്കൊണ്ടു പുണ്യവഴിയിൽ വളൎത്തിവരികയും ചെയ്തു. ആണ്ടിൽ ഒരു ദിവസം തന്റെ സഹോദരനായ വി. ബനദീക്തോസിനെ കാണുന്നതിനായി സ്കൊലാസ്റ്റിക്കാ പുണ്യവതി, മോന്തെ കസ്സീനോ ആശ്രമത്തിലേക്കു പോക പതിവായിരുന്നു. വി. ബനദീക്തോസ്, തന്റെ സന്യാസികളിൽ ചിലരോടൊന്നിച്ചു ആശ്രമ മതില്ക്കെട്ടിനു പുറത്തുള്ള ഒരു ഭവനത്തിൽ ചെന്നു സഹോദരിയുമായി തമ്മിൽ കാണുകയും പുണ്യവഴിയ്ക്കടുത്ത ഓരോ കാൎയ്യങ്ങളെപ്പറ്റി ദീൎഘനേരം സംഭാഷണം ചെയ്തശേഷം അന്യോന്യം പിരികയുമായിരുന്നു മുറ.

കടശി, നമ്മുടെ പുണ്യവതിയ്ക്കു മരണം സമീപിച്ചിരിക്കുന്നതായി ദൈവതോന്നിപ്പാലെ അറിഞ്ഞു. അതിനാൽ ആ കൊല്ലം പതിവുപോലെയുള്ള സന്ദൎശനം കഴിഞ്ഞു പിരിയാറായപ്പോൾ, ഭാഗ്യപ്പെട്ടവൾ പറഞ്ഞതായതു്. "പ്രിയ സഹോദരാ! ഏതായാലും ഇന്നു രാത്രി മുഴുവനും നമുക്കിവിടെയിരുന്നു ദൈവത്തേയും ആകാശമോക്ഷത്തിൽ അനുഭവിക്കുന്നവരുടെ പരമഭാഗ്യത്തേയും മറ്റുംകുറിച്ചു ഇനിയും സംസാരിക്കുന്നതിനു അനുവദിപ്പാറാകണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു." ആശ്രമത്തിനു പുറത്തു രാത്രി കഴിക്കുന്നതു ക്രമവിരോധമാണെന്നും അതിനാൽ പോകാതെ നിവൃത്തിയില്ലെന്നും പുണ്യവാൻ സിദ്ധാന്തിച്ചു. സഹോദരി എത്ര നിൎബ്ബന്ധിച്ചിട്ടും യാതൊരു ഫലവുമുണ്ടായില്ല. ഒടുവിൽ നമ്മുടെ പുണ്യവതി കുനിഞ്ഞിരുന്നു, മേശമേൽ ചാരിയിരുന്ന തന്റെ കരങ്ങളുടെ മേൽ തലയേ താങ്ങിക്കൊണ്ടു അല്പനേരത്തേയ്ക്കു പ്രാൎത്ഥിച്ചു. തൽക്ഷണം ആ കാലത്തെങ്ങും ഉണ്ടാകാറു പതിവില്ലാത്ത വിധത്തിൽ അത്ര ഭയംകരമായ ഒരു കൊടുംകാറ്റും മഴയുമുണ്ടാകയും വി. ബനദീക്തോസും കൂട്ടരും എത്രതന്നെ ശ്രമിച്ചാലും ആശ്രമത്തിലെത്താൻ സാധിക്കാത്ത വിധത്തിലായി തീരുകയും ചെയ്തു. "എന്താണു പെങ്ങളേ! ഈ കാട്ടിക്കൂട്ടിയതു്?" എന്നു പുണ്യവാൻ ചോദിച്ചതിനു "ആങ്ങളയോടു ഒരു കാൎയ്യം ഞാൻ അപേക്ഷിച്ചു; എന്നാൽ എനിക്കു കിട്ടിയില്ല. കൎത്താവിനോടു അതുതന്നെ ഞാനപേക്ഷിച്ചു; അങ്ങുന്നു എനിക്കതു തരികയും ചെയ്തു" എന്നു മാത്രം പുണ്യവതി ഉത്തരിച്ചു. ഇങ്ങിനെ ആ രാത്രി മുഴുവനും ദൈവസ്തുതികളേ പാടുന്നതിനും പരലോക കാൎയ്യങ്ങളെപ്പറ്റി സംസാരിക്കുന്നതിനും ദൈവംതന്നെ ഇടവരുത്തിക്കൊടുത്തുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. അതു കഴിഞ്ഞു മൂന്നാം ദിവസം വി. ബനദീക്തോസ് ധ്യാനത്തിലിരിക്കയിൽ ഒരു മാടപ്രാവിന്റെ രൂപമായിട്ടു തന്റെ സഹോദരിയുടെ ആത്മാവു പരലോകത്തിലേക്കു പോകുന്നതിനെ കാണുകയും ഉടൻതന്നെ മുറപ്രകാരമുള്ള മരണ അറിയിപ്പു വന്നെത്തുകയും ചെയ്തു. ക്രിസ്തുവൎഷം

അഞ്ഞൂററി നാല്പത്തിമൂവാമാണ്ടു കുംഭമാസം ൧൨-യാണ ഈ സംഭവം നടന്നത്. അതുകൊണ്ടു ആ ദിവസത്തിൽ ഈ ഓൎമ്മ ആഘോഷിക്കപ്പെട്ടുവരുന്നു. ഇങ്ങിനെയുള്ള ഈ മഹാ പുണ്യവതിയെയാണ ഈ മാസത്തെ നിങ്ങളുടെ മദ്ധ്യസ്ഥയായിട്ടു ഞാൻ നിശ്ചയിച്ചു തരുന്നത്. ആകയാൽ മുമ്പു പറഞ്ഞു തന്നിരിക്കുന്നതുപോലെ വേണ്ട ആചാരോപചാരങ്ങളോടുകൂടെ ഈ പുണ്യവതിയെ കൈക്കൊണ്ടു ബഹുമാനിക്കുന്നതിനും ഈ മാസത്തിൽ നിങ്ങൾക്കു വേണ്ട കാൎയ്യങ്ങൾ എല്ലാം ആ ഭാഗ്യവതി വഴിയായിട്ടു നടത്തുന്നതിനും എല്ലാവരും പ്രത്യേകം താല്പൎയ്യപ്പെടണം.

പ്രത്യേകമായിട്ടു ഈ മാസത്തിൽ നിങ്ങൾ അഭ്യസിക്കേണ്ടതും ഈ പുണ്യവതിയിൽ നിന്നു കണ്ടു പഠിക്കേണ്ടതുമായിട്ടുള്ള ഒരു കാൎയ്യം ഓൎമ്മപ്പെടുത്താനുണ്ടു്. അതു മറെറാന്നുമല്ല; നല്ല കാൎയ്യങ്ങളെക്കുറിച്ചു സംസാരിച്ചു തഴങ്ങണമെന്നുള്ളതാണ്. അതില്ലെങ്കിലും നല്ലതല്ലാത്ത കാൎയ്യങ്ങളെക്കുറിച്ചു ഒരു നാളും പറയുന്നതല്ലെന്നുള്ള ഒരു പ്രതിജ്ഞ തീൎച്ചയായും ഈ മാസത്തിൽ നിങ്ങൾ ചെയ്യണം. വി. ബനദീക്തോസും സ്കോളാസ്റ്റിക്കാ പുണ്യവതിയും തമ്മിൽ കണ്ടുകൂടുകയിലുള്ള സംസാര സംപ്രദായം എപ്രകാരമുള്ളതായിരുന്നുവെന്നും ദൈവത്തിനു അത്ര ഇഷ്ടമുള്ളതായിരുന്നുവെന്നു ആ അത്ഭുത സംഭവത്താൽ പ്രത്യക്ഷമാക്കിയതിനേയും എപ്പോഴും ഓൎത്തുകൊൾക. ചില കുട്ടികളുടെ വായിൽ നിന്നും പുറപ്പെടുന്ന വചനങ്ങൾ കേട്ടാൽ ഭൂമി പിളൎന്നു അവർ നരകത്തിലേക്കു പോകാത്തതെന്തേ എന്നു അതിശയം തോന്നിപ്പോകും. പരിശുദ്ധ കുൎബ്ബാന എഴുന്നള്ളിച്ചു വരേണ്ടതായ ക്രിസ്ത്യാനികുട്ടികളുടെ നാവുകളിൽ നിന്നുപോലും ഇപ്രകാരമുള്ള വാക്കുകൾ കേൾപാനിടയാകുന്നതാണ വലിയ സങ്കടം. ദുഷ്ടസംസൎഗ്ഗം കൊണ്ടാണ പലപ്പോഴും ഇതിനൊക്കെ ഇടയാകുന്നതു്. ആകയാൽ എന്റെ പ്രിയകുട്ടികളേ! കാണപ്പെട്ട പിശാചുക്കളിൽ നിന്നെന്നപോലെ അവരിൽ നിന്നു നിങ്ങൾ ഒഴിഞ്ഞു മാറിക്കൊൾവിൻ! നല്ലയാളുകളോടു സംസൎഗ്ഗം ചെയ്കയും നിങ്ങൾക്കു പ്രയോജനകരങ്ങളായ നല്ല സംഗതികളെപ്പററിയും ചെയ്വിൻ. വി. സ്തനിസ്ലാവോസ് കോസ്കാ എന്ന ആ പുണ്യബാലൻ, സഭ്യമല്ലാത്ത സംഭാഷണങ്ങൾ കേൾക്കുമ്പോൾ ബോധക്ഷയമായി വീണുപോയിരുന്നു. നിങ്ങൾ ഒന്നിച്ചുകൂടി കെട്ടുകഥകൾ പറഞ്ഞു വൃഥാ കളയുന്ന ആ നേരങ്ങളിൽ വല്ല പുണ്യവാന്മാരുടെ ചരിത്രങ്ങളോ മറേറാ കൂടെ ഇടക്കു പറഞ്ഞഭ്യസിച്ചിരുന്നെങ്കിൽ എത്രയോ നന്നായിരുന്നു. അതുകൊണ്ടു മേല്പറഞ്ഞ സഹായങ്ങളെല്ലാം ഈ മാസത്തിൽ കിട്ടുന്നതിനും, മേൽക്കുമേൽ നല്ല കുട്ടികളായി തീരുന്നതിനും വി. സ്കോളാസ്റ്റിക്കാ പുണ്യവതിയോടു ദിവസേന പ്രാൎത്ഥിക്കണം.

ഈ മാസം രണ്ടാംതീയതി നമ്മുടെ അമ്മയുടെ ശുദ്ധീകരണതിരുനാളാണെന്നുള്ളതും മറന്നുപോകരുതു്. അമ്മയുടെ സാക്ഷാലുള്ള നല്ല മക്കളെപ്പോലെ ഈ തിരുനാളും ആഘോഷിക്കയും, വേണ്ട സഹായങ്ങളൊക്കെ അപേക്ഷിക്കയും ചെയ്യുന്നതിനു പ്രത്യേകം ഉത്സാഹിക്കണം. എന്റെ അപേക്ഷകളിൽ നിങ്ങളെ എല്ലാവരെയും ഞാൻ ഓൎത്തുവരുന്നുണ്ടു്. എനിക്കുവേണ്ടിയും അപേക്ഷിപ്പിൻ.

റവ: ഫാദർ സൈമൺ ടി. ഒ. സി. ഡി.

## അറിവിൽപ്പെടാത്ത ഒരു വിരുതൻ.

പോൾടീയൻ എന്നു നാമകരണം ചെയ്യുന്ന ബാലനായ അപ്പൊസ്തോലനെക്കുറിച്ച് ഒരുപക്ഷേ നിങ്ങളൊരിക്കലും കേട്ടിട്ടില്ലായിരിക്കും. അദ്ദേഹം ലോകത്തിൽ അറിയപ്പെടുവാൻ തക്ക യോഗ്യതയുള്ള ഒരാളാണ്. ഇപ്പോൾ ഫ്രാൻസ് രാജ്യത്തി

ൽ ലൊസ്സേർ എന്ന സ്ഥലത്തു ഫ്വദെ ൽ ജാതനായി. ഈ കുട്ടിയുടെ മാതാപിതാക്കന്മാർ വളരെ ദരിദ്രരായിരുന്നെങ്കിലും പോൾ ചെറുപ്രായംതൊട്ടുതന്നെ ദൈവികദാനങ്ങൾകൊണ്ടു സമ്പന്നനായിരുന്നു. "ആത്മാക്കളെ രക്ഷിക്ക" എന്നിതായിരുന്നു തന്റെ ഏക ആഗ്രഹം. എട്ടുവയസ്സു മാത്രം പ്രായമായിരിക്കയിൽ പലപ്പോഴും പറഞ്ഞിരുന്നതായത്. "ഓ! അനവധി ആത്മാക്കളെ രക്ഷിപ്പാൻ എനിക്കു സാധിച്ചിരുന്നെങ്കിൽ അതിനിക്കെന്തൊരു ഭാഗ്യമായിരുന്നേനെ! നിത്യഭാഗ്യത്തിലേക്ക് ആത്മാവുകളെ കൊണ്ടുചെന്നാക്കുന്നതിന്ന് വശമുള്ളവരായ പട്ടക്കാരു എത്രയോ ഭാഗ്യവാന്മാരാകുന്നു."

ഈ പൈതൽ ദൈവസ്തുതിക്കായി മഹത്തരമായ കാര്യങ്ങളെ ചെയ്യുവാൻ നിശ്ചയിക്കപ്പെട്ടവനായിരിക്കുന്നു എന്ന് വികാരിയച്ചൻ ഗ്രഹിക്കയാൽ അവനെ ദേവാലയ ജോലികൾക്കായി വിളിക്കയും ലത്തീൻഭാഷ കുറേശ്ശെ പഠിപ്പിക്കയും ചെയ്തുകൂടാതെ വൈദിക അന്തസ്സിൽ കയറുന്നതിന്നായി വേണ്ട പരിശ്രമങ്ങൾ ചെയ്യുകയും ചെയ്തു. എന്നാൽ ഒ! നിർഭാഗ്യമേ! പത്തുവയസ്സു തികഞ്ഞപ്പോൾ ദൈവചിത്തത്താൽ നമ്മുടെ കഥാനായകന്റെ രണ്ടു കണ്ണുകളും നഷ്ടീഭവിക്കയാൽ കുരുടനായിത്തീർന്നു. ഏറെ താമസിയാതെ തന്റെ മാതാപിതാക്കന്മാരും കാലഗതിയെ പ്രാപിക്കനിമിത്തം കുരുടനായപ്പോൾ അനാഥനായി തീർന്നു എന്നു തന്നെയല്ല ഏററവും ദരിദ്രപ്പെട്ട ഒരു സ്ഥിതിയിലാകുകയും ചെയ്തു. ഈ സ്ഥിതിയിൽ ഒരു വൈദികനാവുക എന്നതു അസാദ്ധ്യത്തിലുമായി. ഈ പരിശുദ്ധ അന്തസ്സിൽ പ്രവേശിച്ചുകൊണ്ട് ആത്മാക്കളെ നിത്യഭാഗ്യത്തിലേക്ക് നടത്തുന്നതു ദൈവചിത്തമല്ലായെന്നതു ഇപ്പോൾ പൂർണ്ണസ്പഷ്ടമായിരിക്കുന്നു.

എന്നാൽ ഇത്ര വലിയ ഈ കഷ്ടസ്ഥിതിയിൽ നമ്മുടെ ബാലൻ എന്താണു ചെയ്തതു? മടിയായി കാലം കഴിക്കയാണോ ചെയ്തതു? ഒരിക്കലുമല്ല. പിന്നെയോ തന്റെ കണ്ണുകൾ ലോകത്തിന്നും ലോകമായങ്ങൾക്കും വേണ്ടി പൂട്ടപ്പെട്ടു എങ്കിലും മേല്പെട്ട കാര്യങ്ങൾക്കായി തന്റെ ഹൃദയവും ആത്മശക്തികളും സദാ ജോലിപ്പെട്ടു ബുദ്ധിമുട്ടിയിരുന്നു. തന്റെ അദ്ധ്യാത്മികനേത്രങ്ങളാലെ കാര്യങ്ങൾ ഗ്രഹിക്കയും പ്രത്യേകവിധത്തിൽ അവയെ കരുതുകയും ചെയ്തിരുന്നു.

"എനിക്കൊരു വൈദികനാകുവാൻ സാധിക്കയില്ലെങ്കിലും ആത്മാക്കളെ രക്ഷിപ്പാനുള്ള ആ ശരണം ഒരിക്കലും ഞാൻ ഉപേക്ഷിക്കയില്ല. ആത്മരക്ഷയ്ക്കു വേണ്ടി ഞാൻ പ്രാർത്ഥിക്കും ഞാൻ അപേക്ഷിയ്ക്കും സദാ പ്രാർത്ഥിച്ചുകൊണ്ടിരിക്കും." എന്നു പലപ്പോഴും പറഞ്ഞിരുന്നു. പട്ടണത്തിലെ ആസ്പത്രിയായിരുന്നു ഇപ്പോഴത്തെ തന്റെ വാസസ്ഥലം. ഒരിക്കൽ താൻ ദീനക്കാരുടെ മദ്ധ്യേക്കൂടെ കടന്നു പോകയിൽ അവരിൽ ഒരാൾ ന. ക. തിരുഹൃദയത്തോടു പക്ഷത്തിനടുത്ത നെടുവീർപ്പിടുന്നതായും മ്ശിഹായുടെ വികാരിക്കുവേണ്ടി അപേക്ഷിക്കുന്നതായും കേൾക്കയാൽ സന്തോഷത്താൽ കുതിച്ചുചാടുന്നതിന്നിടയായി. പലപ്പോഴും തന്നോടു തന്നെ പറഞ്ഞിരുന്നതായത്. 'ഹ! എത്തുനന്മയാണ് ചെയ്യുവാൻ കഴിയുന്നത്. അതെ, ശരിതന്നെ, പ്രാർത്ഥനയാകുന്നു അപ്പസ്തോലന്മാരാക്കുന്നത്. ഞാൻ എത്രയോ ഭാഗ്യവാനാണ്. നമുക്കു അപേക്ഷിക്ക. പ്രാർത്ഥിക്ക, അപേക്ഷയാൽ നമുക്കു ആത്മാക്കളെ രക്ഷിക്കാം."

"ഒ! ദൈവജ്ഞാനത്തിന്റെയും അറിവിന്റെയും അഗാധമേ! അങ്ങേ വിധികൾ എത്രയൊ ദുർഗ്രഹവും അങ്ങേ വഴികൾ എത്രയൊ അഗോചരവുമാകുന്നു." യഥാർത്ഥ പ്രേരിതനായ പോൾ ഒരു വൈദികനാകുവാൻ ആഗ്രഹിച്ചു. ദൈവം അവന്റെ അപേക്ഷയെ ദാനംചെയ്തില്ല, എന്നുവരികിലും നമ്മുടെ ദിവ്യരക്ഷകൻ ആ കുട്ടി ആഗ്രഹിച്ചതിൽ പതിന്മടങ്ങു അധികമായി, അങ്ങേ ദിവ്യഹൃദയത്തിൽ സ്ഥിതിചെയ്യുന്ന ദൈവീക ദാനങ്ങളുടെ ആധിക്യത്തിൽനിന്നു അവന്റെ അപേക്ഷക്ക് ഉത്തരിച്ചു എന്നതിന്നു അല്പംപോലും സംശയിപ്പാനില്ല. ദൈവപ്രകാരങ്ങളും നമ്മുടെതും തമ്മിൽ അതീതമായ അന്തരമുണ്ട്. ആയുസ്സിന്റെ പുസ്തകം തുറന്നു സാധുവായ ഈ കൊച്ചുകുരുടന്റെ പ്രവൃത്തികൾ വെളി

പ്പെട്ടത്തപ്പെടുന്നയെങ്കിൽ ഒരു പക്ഷെ ഈ ഏക ബാലൻെറ പ്രാത്ഥനകൾ നിമിത്തം ദൈവത്തിൻെറ തിരുസഭയ്ക്കു ആയിരമായിരം വൈദികരും സന്ന്യാസികളും പ്രേഷിതന്മാരും ഉളവാകുന്നതിന്നു ഇടയായിട്ടില്ലയൊ എന്നാക്കറിയാം.

പോൾ റിയൻ പാപികളുടെ മാനസ്സാന്തരത്തിനായി ദിവസേന അഞ്ഞൂറിൽപരം പ്രാവശ്യം പ്രാത്ഥിച്ചിരുന്നു എന്നു ഇയാളുടെ അദ്ധ്യക്ഷൻതന്നെ സാക്ഷിക്കുന്നു. "ഞാൻ ഉറങ്ങുന്നു. എന്നാൽ എൻെറ ഹൃദയം ഉണന്നിരിക്കുന്നു" എന്ന വാക്യത്തിന്നൊത്തവണ്ണം നമ്മുടെ ദിവ്യരക്ഷകൻ ഉറങ്ങിയ ആ അതിശയിക്കത്തക്ക ഉറക്കത്തിൽ നമ്മുടെ ബാലൻ തൻെറ രാത്രികൾ കൂടെ ചിലവഴിച്ചതായി പറയപ്പെടുന്നു. ഒരിക്കൽ മിഷ്യൻജോലിക്കു പുറപ്പെടുവാൻ ഒരിങ്ങിയിരുന്ന തൻെറ ആത്മപാലകനോടു പറഞ്ഞതായതു്:— അച്ചൻ പ്രസംഗിക്കുവാൻ പോകുന്നു. അച്ചൻ എത്രയൊ ഭാഗ്യപൂരിതനാകുന്നു. പാപപ്പെട്ട കുരുടനായ ഇനിക്കു അപേക്ഷിക്കുവാനല്ലാതെ എന്തു കഴിയും. എന്നാൽ ഞാൻ മുമ്പിലത്തേക്കാൾ അധികം പ്രാത്ഥിക്കും. എൻെറ കാവൽഭൂതൻ അധികം ഉറങ്ങുന്നതിന്നു എന്നെ അനുവദിക്കുന്നില്ല. അതുകൊണ്ടു എൻെറ രാത്രികൾ പാപികൾക്കു വേണ്ടി അപേക്ഷിക്കുന്നതിൽ ഞാൻ ചിലവഴിക്കുന്നു.

ഇപ്രകാരം ഈ അപ്പൊസ്തലൻ, ഈ ധീരപരാക്രമി തൻെറ കാവൽ ഭൂതനോടുകൂടെ ആത്മാവുകൾക്കു വേണ്ടി ദിവസംപ്രതി അധികമധികം പ്രാത്ഥിച്ചിരുന്നു. കടശി ൧൮൬൬-ാംകാലം നവമ്പ്ര മാസം ൧൩-നു- അന്ത്യകൂദാശകളെല്ലാം അത്യന്തഭക്തിവണക്കത്തോടെ കൈക്കൊണ്ടു ന. കത്താവിൽ നിദ്ര പ്രാപിച്ചു. മരിക്കുമ്പോൾ തനിക്കു ൧൭ വയസ്സു മാത്രമെ ഉണ്ടായിരുന്നുള്ളു. ആകാശമോക്ഷത്തിൽ എത്രയൊ ഭാഗ്യത്തോടുകൂടെ താൻ കൈക്കൊള്ളപ്പെട്ടിരിക്കുന്നു എന്നു നമുക്കു ഒരുവിധത്തിൽ ഊഹിക്കാം.

ഈയാൾ ലോകത്തിൽ അറിയപ്പെടുവാൻ യോഗ്യനാണെന്നു നാം അല്പം പറഞ്ഞതു ശരിയല്ലയൊ. നമ്മുടെ ബാലനെ അറിഞ്ഞിരുന്നവരെല്ലാം അദ്ദേഹത്തെ ഒരു പുണ്യശ്ലോകനായി വിചാരിച്ചിരുന്നു. വൈദികനാകണമെന്നുള്ള അയാളുടെ ആഗ്രഹം നിഷ്ഫലമായി പരിണമിച്ചു. പുസ്തകങ്ങളുടെയൊ ഗ്രന്ഥങ്ങളുടെ വായന തനിക്കു അസാദ്ധ്യമായി തീന്നു. യാതൊരു ശോഭയുള്ള പുഷ്പമാകട്ടെ, വയലാകട്ടെ, അന്തരീക്ഷമാകട്ടെ തനിക്കു കാണ്മാൻ മേലായിരുന്നു. എങ്കിലും പൂണ്ണശക്തിയോടെ വേലചെയ്യുവാനും പ്രാത്ഥിക്കുവാനും പാടുള്ള നമുക്കു ഈ അറിയപ്പെടാത്ത കുട്ടിക്കുണ്ടായിരുന്ന ജ്ഞാനത്തിൻെറയും സ്നേഹത്തിൻെറയും ഒരംശം മാത്രമുണ്ടായിരുന്നെങ്കിൽ കൊള്ളായിരുന്നു. ദൈവസാദൃശ്യത്തിലും രൂപത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ആത്മാവുകളുടെ വിലയും ഭംഗിയും നമ്മുടെ കഥാനായകൻ വേണ്ടുംവണ്ണം അറിഞ്ഞിട്ടുണ്ടായിരുന്നു. ഈ അറിവു തൻെറ മാതാപിതാക്കളിൽ നിന്നൊ ഉപാദ്ധ്യായനിൽ നിന്നൊ തൻെറ വാത്സല്യ വികാരിയച്ചനിൽ നിന്നൊ തനിക്കു ലഭിച്ചതായിരിക്കണം. എങ്ങനെയായാലും തൻെറ ജീവിതകാലം മുഴുവനും ഈ സംഗതിയെ ഗാഢമായി തൻെറ ഉള്ളിൽ സൂക്ഷിച്ചിരുന്നു. വിശുദ്ധ പുരോഹിതസ്ഥാനത്തെക്കുറിച്ചു തനിക്കുണ്ടായിരുന്ന സങ്കല്പം എത്ര മാഹാത്മ്യമുള്ളതും യഥാത്ഥമായതുമായിരുന്നു. ന. കത്താവിൻെറ തിരുഹൃദയസ്നേഹത്തിൻെറ അതിരുകടന്ന ഒരു പ്രവൃത്തിമാത്രമാകുന്നു പുരോഹിതസ്ഥാനം എന്നു ക്യൂരെഡ് ആർസ് (Cure d'Ars) എന്ന വിശുദ്ധൻ പറഞ്ഞിരുന്ന ആ വാക്കുകൾ കുട്ടിയുടെ ഉള്ളിൽ നല്ലവണ്ണം പതിഞ്ഞിരുന്നു.

നമ്മുടെ ബാലൻെറ ഏക ആഗ്രഹവും ഏക ചിന്തയും സച്ജീവിത പ്രാത്ഥനയും ആത്മരക്ഷ എന്ന ഒന്നു മാത്രമായിരുന്നു. "സിദ്ധവസതിയിലേക്കു ആത്മാവുകളെ കൊണ്ടുചെന്നാക്കുന്നതിന്നു പ്രാപ്തിയുള്ളവരായ പട്ടക്കാരു എത്രയൊ ഭാഗ്യമുള്ളവരാകുന്നു" എന്നിതായിരുന്നു തൻെറ ഏക ആഗ്രഹവിഷയം.

ഒരു സ്ലീഹായ്ക്കു കൊടുക്കപ്പെടുന്ന ആ സമ്മാനംതന്നെ നമ്മുടെ കൊച്ചുകുരുടനും സ്വർഗ്ഗത്തിൽ പ്രാപിച്ചിട്ടുണ്ടു എന്നതിന്നു അല്പംപോലും സംശയിപ്പാനില്ല.

ആകാശമോക്ഷത്തിൽ ദൈവസിംഹാസനത്തിൻ മുമ്പാകെയുള്ള തന്റെ അപേക്ഷവഴിയായി എത്രയൊ യുവാക്കൾക്കാണ്, വിശുദ്ധ വൈദിക അന്തസ്സിലേക്കുള്ള ദൈവവിളിയുടെ മഹാനുഗ്രഹം ലഭിക്കുന്നതിന്നു കാരണമായിട്ടുള്ളത്?

ഈ കാലങ്ങളിൽ കഴിഞ്ഞ നൂററാണ്ടുകളെ അപേക്ഷിച്ചു പട്ടക്കാരുടെ സംഖ്യ അധികമധികം വർദ്ധിക്കുന്നതിന്നു ആവശ്യപ്പെട്ടിരിക്കുന്നു. ഇപ്പോഴുള്ള വിശ്വാസികളുടെ കാര്യ്യവിചാരണക്കുവേണ്ടിതന്നെയല്ല; ഈശോയുടെയും പരിശുദ്ധ മറിയത്തിന്റെയും മാധുര്യ്യതിരുനാമങ്ങളെ ഇനിയും കേൾക്കക്കൂടെ ചെയ്തിട്ടില്ല എന്നു അജ്ഞാന നാട്ടിൽ കിടക്കുന്ന ലക്ഷോപലക്ഷം ആത്മാക്കളുടെ രക്ഷക്കായിട്ടും പട്ടക്കാരുടെ സംഖ്യവർദ്ധിക്കുന്നതിനു ആവശ്യപ്പെട്ടിരിക്കുന്നു.

ഈ ചുരുങ്ങിയ വചനങ്ങളെ വായിക്കുന്നതിനു സംഗതിയാകുന്ന വിശുദ്ധ കുർബ്ബാനയുടെമേൽ ഭക്തിയുള്ള പ്രിയ സഹോദരരെ സഹോദരികളെ, ഇതിനെറിച്ചു അല്പനേരത്തേക്കെങ്കിലും ഉററുവിചാരിക്കു. നിങ്ങളുടെ സൽപ്രസാദസ്വീകരണത്തിന്റെശേഷമൊ അല്ലെങ്കിൽ പരിശുദ്ധ കുർബ്ബാനസ്സു ചെയ്യുന്ന സന്ദർശനസമയത്തെ, നിങ്ങളുടെ മുട്ടിന്മേൽനിന്നുകൊണ്ടു, ആത്മരക്ഷ എന്നി ഏററം സാരമേറിയ ബലിയിൽ പങ്കുകൊള്ളുന്നതിന്നായുള്ള ആഗ്രഹം, ഔദാര്യ്യമുള്ളതും സ്വാർത്ഥബുദ്ധിയില്ലാത്തതുമായ അനേക യുവാക്കളിൽ ചിന്തുന്നതിന്നായിട്ടു നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തോടു സാദ്ധ്യപ്പെട്ടു അപേക്ഷിക്കു.

ഇപ്രകാരം അപേക്ഷിച്ചതിന്റെശേഷം അല്പനേരത്തേക്കു മൌനമായിരുന്നു നമ്മുടെ ദിവ്യരക്ഷകൻ നിങ്ങളുടെ ഉള്ളിൽ തോന്നിക്കുന്ന ആ ദൈവ അരുളപ്പാടിന്നു ചെവികൊടുക്കു. നമ്മുടെ സ്നേഹപിതാവു നിങ്ങളോടു ഇപ്രകാരം പറയും. "മകനെ, മകളേ! നിങ്ങളെക്കൊണ്ടു എനിക്കു ആവശ്യമുണ്ടു. വന്നു എന്നെ പിന്തുടരുക; എന്നെക്കുറിച്ചു 'കോഴിപ്പെട തന്റെ കൊച്ചുകുഞ്ഞുങ്ങളെ അതിന്റെ ചിറകിൻകീഴ ശേഖരിക്കുന്നതുപോലെ ഞാൻ എന്റെ ചുററും അവരെ ശേഖരിക്കും' എന്നു എനിക്കു ഏററം ഇഷ്ടമുള്ള ആത്മാക്കളെക്കുറിച്ചും നിങ്ങൾ നിങ്ങളെത്തന്നെ പൂജിക്കുന്നതിന്നായി ഞാൻ നിങ്ങളോടു ആവശ്യപ്പെടുന്നു. ഇപ്രകാരം ചെയ്യുന്നവർക്കു ഞാൻ കൊടുക്കുമെന്ന സമ്മാനത്തെക്കാൾ അധികം കൊടുക്കുന്നതിനു മററാർക്കും സാധിക്കുന്നതല്ല. ഇഹത്തിൽ ഒന്നിനു നൂറായിട്ടും പരത്തിൽ നിത്യരക്ഷയും നിങ്ങളോരോരുത്തരോടും ഞാൻ പറഞ്ഞൊക്കുന്നു." ആത്മരക്ഷക്കായിട്ടും മ്ശിഹായുടെ രാജ്യം പരത്തുന്നതിനായിട്ടും നമ്മുടെ ഏകോപിച്ചുള്ള പ്രാർത്ഥനകളും പരിത്യാഗങ്ങളും വഴിയായി കുരുടനായ ചെറിയ ധീരന്റെ മനോഹരമായ പരിശുദ്ധ ദൃഷ്ടാന്തത്തെ അനുകരിക്കുന്നതിനു നമുക്കെവർക്കും ബാല്യക്കാർക്കും വൃദ്ധന്മാർക്കും ദരിദ്രർക്കും ധനവാന്മാർക്കും ഒന്നുപോലെ സാധിക്കുന്നതാകുന്നു.

ക.നി.മൂ.സ. ആ ബെത്തോൾഡ്.

## കൃതജ്ഞതാപ്രകാശനം.

യാക്കോബായ സഭയിലെ ഒരു അംഗമായ എനിക്കു പരിശുദ്ധ കന്യക മറിയാമിനോട് അപാരമായ ഭക്തിയുണ്ടെന്നിരുന്നാലും വന്ദനീയനായ വിശുദ്ധ യൗസേപ്പു പിതാവിനോടോ, യേശുവിന്റെ തിരുഹൃദയത്തോടോ ഞാൻ ഒരിക്കലും സഹായംഅപേക്ഷിച്ചിരുന്നില്ല. അപേക്ഷിക്കുന്നതിൽ എനിക്കൊ എന്റെ പ്രീയപ്പെട്ട സഭക്കൊ വൈമുഖ്യം ഉണ്ടായിട്ടില്ല; കിന്തു, അപേക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി യാതൊന്നും വിചാരിക്കായ്കകൊണ്ടുമാത്രം.

ഇങ്ങനെയിരിക്കെ കഴിഞ്ഞ ഇടവത്തിൽ കുടുംബസംബന്ധമായി നേരിട്ട ചി

ല പ്രയാസങ്ങളിൽ നിന്ന് വിട്ടുതൽ ലഭിക്കുന്നതിനും, തൽക്കാലം ഇവിടെ പ്രസ്താവിച്ചിട്ട് ആവശ്യമില്ലെന്നു വിചാരിക്കുന്ന ചില കാൎയ്യങ്ങൾ സാധിക്കുന്നതിനുംവേണ്ടി ഞാൻ ഭഗീരഥ പ്രയത്നം ചെയ്തുകൊണ്ടിരുന്നു. എന്നെ സോദര നിൎവ്വിശേഷം സ്നേഹിക്കുന്ന ദേഹവും, ഒരു യഥാൎത്ഥ മഹാനും സുപ്രസിദ്ധനുമായ ഒരു കത്തോലിക്ക് വൈദികനും ഈ സംഗതി അറിയാമായിരുന്നു. ഉദ്ദിഷ്ട സംഗതി ശുഭപൎയ്യവസായിയായിത്തീരുന്നതിന് വിശുദ്ധ യൌസേപ്പു പിതാവിനോട്ട് മദ്ധ്യസ്ഥത അപേക്ഷിക്കുന്നതിനെ സംബന്ധിച്ചു ഒരു ദിവസം വൈകിട്ട് അദ്ദേഹം എന്നോടു ചിലതെല്ലാം സംസാരിക്കയുണ്ടായി. അതനുസരിച്ചു ഞാൻ ഏതാനും ദിവസം മദ്ധ്യസ്ഥത അപേക്ഷിക്കുകയും എൻെറ കൃതജ്ഞതയെ ഇന്ന പ്രകാരത്തിൽ പ്രകാശിപ്പിക്കുന്നതാണെന്നു വെളിപ്പെടുത്തുകയും ചെയ്തിരുന്നു. പരിതഃസ്ഥിതികൾ പല പ്രകാരത്തിൽ പ്രതികൂലങ്ങളായിരുന്നിട്ടും ആ വന്ദ്യ പിതാവിൻെറ അദ്ധ്യാത്മിക സഹായം ഒന്നുകൊണ്ടുമാത്രം എല്ലാക്കാൎയ്യങ്ങളും ശുഭമായി പൎയ്യവസാനിച്ചുവെന്നു പറയുന്നതിൽ എനിക്കു അനല്പമായ സന്തോഷമുണ്ട്.

ഇതോടുകൂടി യേശുവിൻെറ സ്നേഹസംപൂൎണ്ണമായ തിരുഹൃദയത്തെപ്പററി വായിപ്പാൻ എനിക്ക് ഔൽസുക്യം വൎദ്ധിച്ചു. കൎമ്മല കുസുമത്തിൽ ഇതിനിടെ പ്രസിദ്ധപ്പെടുത്തിയിരുന്ന "യേശുവിൻെറ തിരുഹൃദയമേ, ഞങ്ങളുടെ കുടുംബങ്ങളെ സംരക്ഷിക്കണമെ" എന്നുള്ള പ്രാൎത്ഥന ആറു വയസ്സു പ്രായമുള്ള എൻെറ മകൻ കുസുമം നോക്കി പഠിക്കുകയും പ്രാൎത്ഥനാസന്ദൎഭങ്ങളിൽ ഈ പ്രാൎത്ഥന ഭക്തിപൂൎവ്വം ഉച്ചരിക്കുകയും ചെയ്തു.

ഇക്കഴിഞ്ഞ മാസത്തിൽ എൻെറ ഭാൎയ്യ കഠിനമായ ഒരു സുഖക്കേടു പിടിപെട്ടു കിടപ്പിലായി. ചികിത്സകൾ പലതും ചെയ്തു. പക്ഷേ യാതൊരു സുഖവും ലഭിച്ചില്ല. തന്നിമിത്തം ഔഷധങ്ങളെപ്പററി എനിക്കുള്ള വിശ്വാസം ക്ഷയിക്കുകയും ഞാനും മകനുംകൂടി യേശുവിൻെറ തിരുഹൃദയത്തോട്ട് സുഖലബ്ധിക്കായി പ്രാൎത്ഥിക്കുകയും ചെയ്തു. അല്പദിവസത്തിനുള്ളിൽ ഒരു അത്ഭുതസംഭവമെന്നോണം പരമകാരുണികനായ ദൈവം എൻെറ ഭാൎയ്യക്കു പൂൎണ്ണസൗഖ്യം നൽകി.

ഒരു നസ്രാണി എന്ന പേരിൽ എൻെറ മകൻ വളരെ അഭിമാനമുള്ള ഒരു കുട്ടിയാണ്. ശാകുന്തളം, ഉത്തരരാമചരിതം, മയൂരസന്ദേശം മുതലായ കാവ്യഗ്രന്ഥങ്ങളിലെ ചിലസംസ്കൃതശ്ലോകങ്ങളും മാതൃവിനു അറിവുള്ളതിനാലും നമ്മുടെ നസ്രാണിവൎഗ്ഗത്തിൽ പറയത്തക്ക ഒരു മഹാകവി ഇന്നേവരെ ഉണ്ടാവാത്തതിനെപ്പററി ഞാൻ എൻെറ ചില സ്നേഹിതന്മാരോട്ട് ചിലപ്പോഴെല്ലാം സംസാരിച്ചിട്ടുള്ളതു കേട്ടിട്ടുള്ളതിനാലും അവനെത്തന്നെ ഒരു മഹാകവിയാക്കണമേ എന്ന് മാതൃ ദിവസവും തിരുഹൃദയത്തോടു പ്രാൎത്ഥിച്ചുപോരുന്നു.

ഇതോടുകൂടി അവൻെറ സ്വന്തം കൈപ്പടയിൽ എഴുതിച്ചേൎത്തിരിക്കുന്ന കത്തിൽനിന്ന് ഈ സംഗതി വെളിപ്പെടുന്നതാണ്. ഈ ചെറിയ കത്തുകൂടി ഇതോടൊന്നിച്ചു പ്രസിദ്ധംചെയ്യുന്നതു നന്നായിരിക്കും. നസ്രാണിവൎഗ്ഗത്തിൽ ഒരു വലിയ രാജ്യഭരണതന്ത്രജ്ഞനും, ഒരു വലിയ വാഗ്മിയും, ഒരു വലിയ ചിത്രമെഴുത്തുകാരനും, ഒരു മഹാകവിയും ഉണ്ടാവാൻ എല്ലാ നസ്രാണിക്കുട്ടികളും യേശുവിൻെറ പരിശുദ്ധ തിരുഹൃദയത്തോട്ട് അപേക്ഷിക്കണമെന്നു ഞാൻ താല്പൎയ്യപ്പെടുന്നു. പ്രേമസംപൂൎണ്ണമായ ആ പരിശുദ്ധ തിരുഹൃദയത്തിനു ദുസ്സാധമായി യാതൊന്നുമില്ലല്ലൊ. (*)

എന്ന് വിധേയൻ കെ. എം.

(*) ഈ കത്തിൽ ഞങ്ങൾ യാതൊരു മാററവും ചെയ്തിട്ടില്ല. കുട്ടിയുടെ അപ്പൻ പ്രസ്താവിക്കുന്നതുപോലെ തന്നെ സ്വന്തം കൈപ്പടയിൽ ഇവിടെ കിട്ടിയിട്ടുള്ള കത്തു ഞങ്ങൾ വച്ചു സൂക്ഷിച്ചിട്ടുള്ളതും, ഇത്ര ചെറുപ്പത്തിലെ തന്നെ, ഈദൃശങ്ങളായ ഉൽകൃഷ്ടാദൎശങ്ങൾക്ക് അധിഷ്ഠാനമായിത്തീൎന്നിരിക്കുന്ന ബാലൻെറ ഭാവി സകുതൂഹലം ഞങ്ങൾ വീക്ഷിച്ചുകൊണ്ടിരിക്കുന്നതുമാണ്.

പത്രാധിപർ.

# തിരുഹൃദയഭക്തന്മാർ ൧൯൨൦ കുംഭമാസത്തിൽ വയ്ക്കേണ്ട പൊതുനിയോഗം.

"കത്തോലിക്ക സഭ വക ചെലവും ഔദാൎയ്യവും."



"ഓരോ ഗവൎമ്മേണ്ടുകൾക്കും അതാതു ആണ്ടുകളിൽ നേരിടുന്ന ചെലവുകൾക്കു ഒരു കണക്കു (Budget) ഉണ്ടായിരിക്കുന്നതുപോലെ, സകല ഗവൎമ്മേണ്ടുകളേക്കാൾ ഏററം പ്രബലപ്പെട്ടതും ലോകമെങ്ങും അധികാരം നടത്തുന്നതുമായ കത്തോലിക്കസഭക്ക് നേരിടുന്ന പലവിധ ചെലവുകൾക്കും കണക്കുണ്ട്. തിരുസഭയുടെ തലവനായ മാൎപ്പാപ്പാ തിരുമനസ്സിലെ കച്ചേരികളായ റോമ്മത്തിരുസംഘങ്ങൾക്കും, റോമ്മാസിംഹാസനത്തിൽ നിന്നും ഓരോ രാജ്യങ്ങളിലേക്കു അയക്കപ്പെടുന്ന സ്ഥാനപതികൾക്കും മററുമായി അനവധി പണം ആവശ്യപ്പെടുന്നു. തിരുസിംഹാസനത്തിൻെറ വസ്തുക്കൾ ഇററാല്യൻ ഗവൎമ്മേണ്ടു അപഹരിക്കുക്കുന്നതിന്നുമുമ്പ് ഈവിധ ചെലവുകൾ അവിടെനിന്നുതന്നെ നടത്തിപോന്നു. എന്നാൽ അപഹരണശേഷം, ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും "പത്രോസിൻെറ കാശു" എന്ന പേരിൽ കൊടുക്കപ്പെടുന്ന ധൎമ്മം കൊണ്ടു നിവൃത്തിച്ചുപോരുന്നു. യുദ്ധം മൂലം ഞെരുക്കം സഹിച്ച പാവപ്പെട്ട ജനങ്ങളെ സഹായിപ്പാൻ മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടു പല രാജ്യങ്ങളിലേക്കും അനേകായിരം പണം ധൎമ്മം ചെയ്തുകൊണ്ടു ഈ കാലത്തു ചെലവുകൾ വൎദ്ധിച്ചിട്ടുമുണ്ട്. ആകയാൽ കത്തോലിക്കസഭവക ചെലവിലേക്ക് നാം ഔദാൎയ്യത്തോടെ "പത്രോസിൻെറ കാശു" കൊടുക്കേണ്ടതു കൂടാതെ, എല്ലാവരും ഈ ധൎമ്മപ്രവൃത്തി പ്രചരിക്കാനായി ദൈവത്തോടു പ്രാൎത്ഥിക്കയും വേണം.

---

കൎമ്മേലകുസുമം പത്രാധിപരവർകൾക്ക്,

പിതാവേ, യേശുവിൻെറ തിരുഹൃദയത്തോട് എനിക്കു വളരെ ഭക്തിയുണ്ട്. തിരുഹൃദയത്തെ ഞാൻ എപ്പോഴും പ്രാൎത്ഥിക്കും. എൻെറ കൊച്ചമ്മച്ചിക്കു ദീനമായപ്പോൾ ഞാനും അച്ചായനും കൂടി യേശുവിൻെറ തിരുഹൃദയത്തെ ഭക്തിപൂൎവ്വം പ്രാൎത്ഥിച്ചു. കൎത്താവ് എൻെറ കൊച്ചമ്മച്ചിക്ക് പൂൎണ്ണസുഖം കൊടുത്തു എന്നെ ഒരു മഹാ കവിയാക്കേണമെന്ന് ഞാൻ ഇപ്പോൾ തിരുഹൃദയത്തോടു പ്രാൎത്ഥിച്ചുവരുന്നു. യേശുവിൻെറ തിരുഹൃദയത്തെപ്പററി ഞാൻ വളരെ കവിത എഴുതും. യേശുവിൻെറ തിരുഹൃദയമെ ഞങ്ങളുടെ കുടുംബങ്ങളെ സംരക്ഷിക്കേണമേ, യേശുവിൻെറ തിരുഹൃദയമേ എന്നെ മഹാ കവിയാക്കേണമെ. എന്നെ നല്ല നസ്രാണിക്കുട്ടിയായി 'വളൎത്തേണമെ എന്ന് ഞാൻ കൎത്താവിനോടു പ്രാൎത്ഥിക്കുന്നു. യേശുവിൻെറ തിരുഹൃദയത്തോട് എനിക്കുവളരെനന്ദിയുണ്ട്. കെ. വി. എം.

മറുപടി.

പ്രിയ കുഞ്ഞേ! നിൻെറ പ്രാൎത്ഥന കാരുണ്യപൂരിതമായ തിരുഹൃദയം കൈക്കൊള്ളാതിരിക്കയില്ലെന്നു ഉറച്ചുകൊള്ളുക. നിൻെറ അച്ചായനും കൊച്ചമ്മച്ചിക്കും വേണ്ടി മേലാലും തിരുഹൃദയത്തോടുതന്നെ പ്രാൎത്ഥിക്കണം. ഒടുവിൽ കൎത്താവിൻെറ സ്നേഹം നിന്നെയും നിൻെറ വാത്സല്യ മാതാപിതാക്കന്മാരേയും ഈശോകൎത്താവിൻെറ സത്യസഭയിലേക്കു ബലാദാകൎഷിക്കാതിരിക്കയില്ലെന്നു ഞങ്ങൾ പൂൎണ്ണമായി വിശ്വസിക്കുന്നു. "കുസുമ"വായനക്കാർ അവരുടെ പ്രാൎത്ഥനയിൽ നിന്നെ വിസ്മരിക്കയില്ല. ഉണ്ണിഈശോ നിന്നെ അനുഗ്രഹിക്കട്ടെ. പത്രാധിപർ.

# പ്രസാധകക്കുറിപ്പുകളും വർത്തമാനങ്ങളും.

ശവപ്പെട്ടിയിലിട്ടു ഒട്ടവിലത്തെ ആണി തറച്ചിട്ടും സിവിൽ വിവാഹഭൂതം ഇതാ പുറത്തുചാടിയിരിക്കുന്നു! അത്ഭുതമോ? കൊച്ചി നിയമഗ്രന്ഥത്തെ ആവാസമാക്കിയുംവച്ച്, പള്ളിയിൽ പോകാതെയും പട്ടക്കാരെ വകവയ്ക്കാതെയും നടക്കുന്ന തന്നിഷ്ടക്കാർ വല്ലടത്തുമുണ്ടെങ്കിൽ അവരുടെ കഴുത്തിനു പിടികൂട്ടുന്നതിനു ഇപ്പോൾ സന്നദ്ധനായിരിക്കുന്നുപോൽ! ആചാര്യന്മാരോടുള്ള മത്സരത്തിൽനിന്നുൽഭൂതമായ പ്രസ്തുത ഭൂതം, പൊതുജനഹിതത്തോടു വിജയം പ്രാപിച്ച മിസ്റ്റർ 'വിജയ'രാഘ'വാചാരി' യോടു എന്നും കടപ്പെട്ടിരിക്കും.

* * *

ഇൻഡ്യയുടെ പുതിയ ദലഗാദ പ്പൊസ്തോലിക്കായായി നിയമിക്കപ്പെട്ടിട്ടുള്ള മൊൺസിഞ്ഞോർ പിസ്സാനി അവർകൾ ഇന്ത്യയിലേക്കു യാത്ര പുറപ്പെടുന്നതിനു മുമ്പ് പരിശുദ്ധ പിതാവു തിരുമനസ്സിലെ സന്ദർശിക്കയും അവിടന്നു ഒരു സ്വകാര്യക്കൂടിക്കാഴ്ചയിൽവച്ചു ദലഗാദ് തിരുമനസ്സിലേക്കു തൻെറ ഉദ്യോഗം സംബന്ധിച്ചു വേണ്ട ഉപദേശങ്ങൾ നൽകുകയും ചെയ്തിരിക്കുന്നു. ദലഗാദ് അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു ഇന്ത്യയിലേക്കു പുറപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അവിടന്നു ഫെബ്രുവരി ൧൦-ാംനു- ബോംബയിൽ എത്തുമെന്നാണു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നതു്.

* * *

ശവരിയാർ പുണ്യവാൻെറ വിശുദ്ധ ശരീരം ഗോവയിൽ സൂക്ഷിക്കപ്പെടുന്നുണ്ടെങ്കിലും ആ വിശുദ്ധൻെറ ഒരു കൈയ്യ് റോമായിൽ ജെസു് എന്ന ദേവാലയത്തിലാണിരിക്കുന്നതു്. ശവര്യാർ പുണ്യവാൻെറ തിരുനാളിൽ മനോഹരവും വിലയേറിയ രത്നങ്ങൾ പതിച്ചതുമായ ഒരു അരുളിക്കയിൽ വച്ചു ആ വിശുദ്ധ കരത്തെ— രണ്ടുലക്ഷം പുറജാതിക്കാരെ ജ്ഞാനസ്നാനപ്പെടുത്തിയ ആ കൈയ്യിനെ— പ്രസ്തുത പള്ളിയിൽ പരസ്യമായി സ്ഥാപിച്ചിട്ടുണ്ടായിരുന്നു. വിശുദ്ധ ശവര്യാരിൻെറ കരത്തെ കണ്ടു വണങ്ങുവാൻ അന്നു അനവധി തീർത്ഥയാത്രക്കാർ അവിടെ എത്തിയിരുന്നുവെന്നു കാണുന്നു.

* * *

ഇൻഡ്യയിൽ പാററ്നാ എന്ന നാമത്തിൽ ഒരു രൂപത ഏർപ്പെടുത്തുവാൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കല്പിച്ചനുവദിച്ചിരിക്കുന്നു. പാററ്നാ മെത്രാൻെറ വസതി ബാങ്കിപ്പൂർ പട്ടണത്തിലായിരിക്കുമെന്നും അദ്ദേഹം കൽക്കത്താ മെത്രാപ്പോലീത്തായുടെ സഫ്രഗനായി ഗണിക്കപ്പെടുമെന്നും കാണുന്നു. ഈ പുതിയ രൂപതയെ ഈശോസഭക്കാരുടെ ഭരണത്തിനാണു ഏല്പിച്ചിരിക്കുന്നതു്.

* * *

തിരുവിതാംകൂർ നിയമനിർമ്മാണ സഭാസാമാജികനായി വക്കീൽ മിസ്റ്റർ ജോൺ നിധീരി തെരഞ്ഞെടുക്കപ്പെട്ടതായി അറിഞ്ഞു സന്തോഷിക്കുകയും അദ്ദേഹത്തെ അനുമോദിക്കുകയും ചെയ്തുകൊള്ളുന്നു.

---

## ഒരു പവനൊ ആ വിലയ്ക്കുള്ള ഒരു മെഡലൊ സമ്മാനം!

"മരിച്ചുപോയവർക്കു വേണ്ടിയുള്ള പ്രാർത്ഥന" 'പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന' ഇതുകൾ പാപമല്ലെന്നും അവശ്യം വേണ്ടതും വേദാനുസരണവും ആണെന്നും യുക്തിപൂർവ്വം തെളിയിക്കുന്ന ഉപന്യാസങ്ങൾ എഴുതി പൂർണ്ണമേൽവിലാസത്തോടുകൂടി ൻ൭ കുംഭം ൩൦നു-ക്കകം അയച്ചുതന്നാൽ അർഹതയുണ്ടെന്നു് തോന്നുന്ന ഉപന്യാസത്തിനു് മേല്പറഞ്ഞ സമ്മാനം കൊടുക്കുന്നതാണ്. ഉപന്യാസങ്ങൾ നല്ല കടലാസിൽ ഒരു വശത്തുമാത്രമേ എഴുതാവൂ. യുക്തമെന്നു തോന്നുന്നവയെ എല്ലാമൊ പ്രസിദ്ധപ്പെടുത്തുവാൻ ഇവിടെ അവകാശമുണ്ടായിരിക്കുന്നതാണ്.

മൂവാററുപുഴ മുൻസിഫ്കോർട്ടു വക്കീൽ,

കെ. പി. പുന്നൂസ്.

ഒരു വൈദികൻ എഴുതുന്നതു്:– കഴിഞ്ഞ ജനുവരിമാസം ൨൭-ാംനു ഞായറാഴ്ച രാത്രി ഉദ്ദേശം ഒരു മണി സമയത്തു പാമ്പാടി പോലീസുസ്റ്റേഷനും ൧൪-ാം മൈൽ കവലയ്ക്കും മദ്ധ്യേയുള്ള റോട്ടിൽവച്ചു എന്റെ വക ഒരു ചൂരൽ ബായ്ഗ് നഷ്ടമായിപ്പോയി. അതിൽ കറുത്ത പട്ടുകൊണ്ടുള്ളതും പഴക്കമില്ലാത്തതുമായ ഒരു കറുത്ത ളോവയും, മാന്നാനത്തു അടിച്ചതും പാസ്സു ഇടാതെ മാർദ്ദവമുള്ള കറുത്ത തുകൽകൊണ്ടുമാത്രം ബയണ്ടു ചെയ്തതുമായ കാനോനാനമസ്കാരപ്പുസ്തകവും സ്പാനീഷ് വാച്ചിന്റെ മാതിരിയിലുള്ളതും വൈററുമെററൽകൊണ്ടു പണുതു ഒരു വെന്തിഞ്ഞ മെഡൽ കൊത്തിട്ടുള്ള വെള്ളിച്ചങ്ങലയോടു കൂടിയതുമായ ഒരു വാച്ചും, മേസും, ഷൂസും വെള്ളിപ്പൂച്ചുള്ള ൨ പൂഹോണും, ഓവലാകൃതിയിലുള്ള ബ്രഷും, ഒരു രൂപായുടെ കുറെ നോട്ടുകളും, രൂപായും ചക്രവും ഏതാനും മെഡലുകളും ഉള്ള ഒരു ജപ്പാൻമണിപ്പേഴ്സും ഒരു വാട്ടർ മാൻസ് ഫൌണ്ടൻപേനയും ക്ലിപ്പും, ലാററിനിലും ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ഏതാനും മാസികകളും ചെറുപുസ്തകങ്ങളും രോമംകൊണ്ടുള്ള ഒരു പട്ടംമൂടിത്തൊപ്പിയും വേറെയും പല സാമാനങ്ങളും സഞ്ചിയിൽ ഉണ്ടായിരുന്നു. ഇവയെല്ലാററിനെപ്പററിയോ, ഏതെങ്കിലും ഒന്നിനേപ്പററിയോ വല്ലവർക്കും വല്ലപ്പോഴും വല്ല അറിവും സിദ്ധിക്കുന്നതായാൽ വിവരത്തിനു 'കർമ്മല കുസുമ' പത്രാധിപർക്ക് എഴുതി അയച്ചാൽ ഞാൻ അത്യന്തം കൃതജ്ഞനായിരിക്കുന്നതാണ്. കൂടാതെയും എന്റെ സഞ്ചിയും സാമാനങ്ങളും കണ്ടുകിട്ടുന്നതിനു സഹായിക്കുന്നവർ ചെങ്ങളത്തു് വിശുദ്ധ അന്തോനീസ് പുണ്യവാന്റെ മദ്ധ്യസ്ഥ പ്രചാരത്തിനും പുകഴ്ചക്കും സ്വല്പവിധത്തിലെങ്കിലും ഹേതുഭൂതന്മാരാകാതെയിരിക്കയില്ലെന്നുള്ളതും പ്രസ്താവിച്ചുകൊള്ളട്ടെ!"

## ചരമവാർത്തകൾ.

പൂവത്തോട്ടുപള്ളി ഇടവക തുരുത്തിയിൽ ബ. ജോസേപ്പുകത്തനാർ അവർകൾ തന്റെ ൫൯-ാമത്തെ വയസ്സിൽ കഴിഞ്ഞ ജനുവരിമാസം ൨൦-നു പകൽ ൯ മണിക്കു മ്ശിഹായിൽ നിദ്ര പ്രാപിച്ചിരിക്കുന്നു.

ചേപ്പുണത്തു കുഞ്ഞിപ്പാലി വക്കി ൧൯൩൧ ഡിസംബർ ൨൩-നു രാത്രി ൧൨ മണിക്കു തന്റെ ൯൫-ാമത്തെ വയസ്സിൽ മരണം പ്രാപിച്ചു.

ആലപ്പുഴെ കർമ്മലമാതാവിന്റെ ഇടവകയിൽ ചേന്ന ഇലഞ്ഞിക്കൽ മാത്തൻ ജോസപ്പു എന്നയാൾ തന്റെ ൯.൨-ാമത്തെ വയസ്സിൽ ന്യൂമോണിയാ എന്ന രോഗത്താൽ ജനുവരിമാസം ൪-നു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു.

കൊരട്ടിപ്പള്ളി എടവക മുരുങ്ങൂർ ദേശത്തു വെതയത്തി വറുതുണ്ണി അവർകളുടെ പ്രഥമപുത്രനായ മിസ്റ്റർ ചെറിയ എന്ന മാന്യയുവാവു് തന്റെ ൨൪-ാമത്തെ വയസ്സിൽ ക്ഷയരോഗം നിമിത്തം ഈ കഴിഞ്ഞ ൧൯൩൧ ഡിസംബർ ൨൯-നു അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു ഭക്തിപൂർവ്വം കർത്താവിൽ നിത്യാശ്വാസം പ്രാപിച്ചിരിക്കുന്നു.

ഇവരുടെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

---

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം [illegible] എപ്പകത്തി ൧൦.

**൧൯൩൨ ഫെബ്രുവരി – ൧൧൦൭ മകരം – കുംഭം.**

1 19 ഞാ ✠ [illegible] ന. കു. ആ. [illegible] റോ.

തിങ്കൾ തിരുനാൾ കടം പള്ളിയിൽ അറിയിക്കണം.

അങ്കമാലി, പൂവത്തോട്ട എന്നീ പള്ളികളിൽ ശ്രു. സെബസ്ത്യാ. തിരു.
കൈപ്പുഴപള്ളിയിൽ എ. ഭാ. ക. മറിയത്തിന്റെ ദർശനത്തിരുനാൾ.

2 20 തി ✠ ക. മറിയത്തിന്റെ ശുദ്ധീകരണം ന. കു. വെ. വെ.
തിരികൂശ്മാ. പ്രദ. (പൂജ്യദണ്ഡവിമോചനം.)
കടമാളൂർ, പാലാ, എലഞ്ഞി, നരിവേലി, അമ്പഴക്കാട്ട്, കടപ്ലാമറ്റം, മുട്ടാർ, എടത്വാ ഈ പള്ളികളിൽ ദർശനത്തിരുനാൾ, എൽത്തുരുത്തു കൊവേന്ത പ്രധാന തിരുനാൾ. മുഞ്ഞോട്ടു പള്ളിയിൽ വി. സെബസ്ത്യാനോസിന്റെ പ്രധാനതിരുനാൾ.

3 21 ചൊ † ന. ക. പ്രാർത്ഥന. ✳ [illegible] ന. ആ. കു. വെ. ച്യു.
നാഗപ്പുഴ വി സെബസ്ത്യാനോസ് പ്രധാന തിരുനാൾ.

4 ☺ 22 ബു † മെ. അന്ത്രയോസ് കൊ. ന. ആ. കു. വെ. വെ.

5 23 വ്യാ വി ക. വേ. അഗുസ്തീനസ് ന. ആ. കു. വെ. ച്യു.
എ. ഭാ. ക. മറി. വ്യാകുലതിരുനാ. മുമ്പുള്ള വെള്ളിയാഴ്ച ഭക്തി നാളെ തുടങ്ങും.

6 24 വെ വി. ക. വേദ. ദൊരൊ. ന. ആ. കു. വെ. ച്യു.

7 25 ശ മെ. റൊമുവാൾദ്. ന ആ കു. വെ. ... ... വെ.

8 26 ഞാ ✠ [illegible] ന കു. ആ. ... [illegible] റോ.

9 27 തി വി. ക. വേദ അപ്പോ. ന. ആ. കു. വെ. ... ച്യു.

10 28 ചൊ † ന. ക. കഷ്ടാനുഭവം. ✳ [illegible] ന. ആ. കു. വെ. ച്യു.

11 29 ബു † അമ. മറി. പ്ര. ന. ആ. കു. വെ. ... വെ.

12 30 വ്യാ † പാ. മെ. ദിയൊനിസ്യാസ്. ന ആ. കു. വെ. ... വെ.

13 1 വെ † ക. സ്കൊളാസ്റ്റിക്കാ (ഈ. ൧൦) ന. ആ. കു. വെ. വെ.

14 2 ശ വേദ. വലേറിയാൻ. ന. ആ. കു. വെ. ... ച്യു.

15 3 ഞാ ✠ [illegible] ന. കു. ആ. [illegible] റോ.
ഇന്നു പാതിരാവിൽ അമ്പതു നോമ്പു തുടങ്ങുന്നു.

16 4 തി † വേദ. യോഹ. ബ്രി. ന. ആ കു. വെ. ... ച്യു.

17 5 ചൊ വേദ. പവുസ്തീ (ഈ. ൧൫) ന. ആ. കു. വെ. ച്യു.
മാർ യൌ. പിതാവിന്റെ വണക്കമാസം, തന്റെ മരണത്തിരുനാൾ ദിവസം അവസാനിക്കത്തക്കവണ്ണം, കഴിക്കുന്നതിന്നു ആഗ്രഹിക്കുന്നവർ ഇന്നേദിവസം തുടങ്ങണം.

18 6 ബു വിഭൂതി ന. കു. ആ. ... ... ... റോ.
ആരക്കുഴപ്പള്ളിയിൽ ശെമഓൻ അപ്പസ്തോലായുടെ തിരുനാൾ.

19 ☺ 7 വ്യാ അ. വേദ. സിമ. ഇന്നലെ. ന. ആ. കു. വെ. ച്യു.

20 8 വെ † ന. ക. മുൾമുടി ✳ [illegible] (ഒരുനേരം) ... ച്യു.

21 9 ശ അ. വേദ. അഗസ്താ. (ഈ. ൧) ന. ആ. കു. വെ. ച്യു.

22 10 ഞാ ✠ നോ. ൧-ാംഞാ. ന. കു. ആ ... [illegible] റോ.

23 11 തി † വി. അ. മ. പത്രോസ് ദമിയാനോസ് ന. ആ. കു. വെ. വെ.

24 12 ചൊ വി. മത്ഥ്യാസ്ലീഹാ ന. ആ. കു. ... ... റോ.

25 13 ബു (✠) വി. മത്ഥ്യാസ്ലീഹാ. ന. ആ. കു. വെ. (പട്ടം.) ച്യു.

26 14 വ്യാ അ. വേദ. ബ്ളാസി. (ഈ. ൩) ... ... ച്യു.

27 15 വെ ന. ക. കുന്തം ✳ [illegible] (ഒരുനേരം) (പട്ടം) ച്യു.

28 16 ശ വി. പത്രോസ് അന്ത്യോ. സിംഹാസനം (ഈ. ൨൨) (പട്ടം) വെ.

29 17 ഞാ ✠ നൊ. ൨-ാം ഞാ. ന. കു. ആ. [illegible] റോ.

Printed and Published for the Proprietor, by I K. Joseph at
St. Joseph's Press, Mannanam. 1920

## ഗുണം ഇല്ലെന്നു കണ്ടാൽ വില മടക്കിത്തരാം!

### രണ്ടു സിദ്ധൌഷധങ്ങൾ!!

**ദന്തവദനഹരം** - ഇതു എല്ലാത്തരം പല്ലുവേദനകളെയും, പല്ലിളക്കം, രക്തംവരവു്, ഊറൽ, പൽപ്പുഴുക്കൾ, കൃമിദന്തം, വായ്പുൺ, വായ്നാററം മുതലായ രോഗങ്ങളെ എത്ര കഠിനമായതായാലും ഉടനെ സുഖപ്പെടുത്തും. വില കുപ്പി ഒന്നു 8 ണ. ഒരു ഡസന്നു് വില 4 ക. 8 ണ.

**കഷണ്ടിനാശകം** - വ്യാധിയാലോ, വ്രണങ്ങളാലോ മററോ രോമങ്ങൾ ഇല്ലാതായിട്ടുള്ള കഷണ്ടിത്തലയിൽ ഉത്തമരോമങ്ങളെ ധാരാളം മുളപ്പിച്ചു വളർത്തുന്ന ശ്രേഷ്ഠൌഷധം. കുപ്പി ഒന്നു വില 10 ണ. ഒരു ഡസന്നു വില 5 ക. 8 ണ. വി. പി. ചെലവു പുറമെ. ഉടനെ എഴുതുക.

## ലോകപ്രസിദ്ധമായ സർവ്വരോഗസംഹാരി!

### "യൂക്കാലിപ്ട്സ് തൈലം."

ഈ തൈലം കൊണ്ടു് ഇരുപതിൽ കൂടുതൽ മഹാരോഗങ്ങളെ എത്രയും ക്ഷണത്തിൽ സുഖപ്പെടുത്താൻ ഫലപ്രദമായ മരുന്നും, ഉപയോഗിക്കേണ്ടും ക്രമവും ആവശ്യക്കാർക്ക അയച്ചുകൊടുക്കുന്നതാണു്. പല മഹാന്മാരും ഈ തൈലത്തെ പരിശോധിക്കയും സർട്ടിഫിക്കേറ്റുകൾ നൽകുകയും ചെയ്തിട്ടുണ്ടു്. വില കുപ്പികളുടെ വലിപ്പച്ചെറുപ്പം അനുസരിച്ചു് ൪ ണ. ൬ ണ. ൮ ണ.

പി. എം. എം. കുഞ്ഞു്,
ഏജൻറ്, ചവറ. (തിരുവിതാംകൂർ)

## അമൃതപ്രാശംഘൃതം. (രസായനം.)

### (ആട്ടിൻസത്തു ചേർത്തുണ്ടാക്കിയതു്.)

ഇതു് മനുഷ്യർക്ക അമൃതിനോടു തുല്യമാണു്. കാസശ്വാസം, ബലക്ഷയം, ഏക്കം, നെഞ്ഞുവേദന, ക്ഷയം, നീരുകെട്ടൽ, അപസ്മാരം, ധാതുക്ഷയം, തലചുററൽ, അസ്ഥിസ്രാവം, മൂത്രച്ചൂടു് മുതലായ എല്ലാ രോഗങ്ങളെയും മാററി ദേഹാരോഗ്യത്തെ നിലനിറുത്തുന്ന ഒരു കൈകണ്ട സിദ്ധൌഷധമാണിതു്. വലിയ പത്ഥ്യമില്ലാത്തതും വളരെ സ്വാദുള്ളതും ആണു് റാത്തൽ ഒന്നിനു 2 ക. 8 ണ. കസ്തൂര്യാദി വായുഗുളിക ഡപ്പി ഒന്നു 1 ക. രോഗവിവരം അറിയിച്ചാൽ തക്കതായ ഔഷധങ്ങൾ അയച്ചുകൊടുക്കും. ബ്രി. തപാൽവഴിക്ക വി. പി. ആയി ആവശ്യപ്പെടുക.

ഇ. പി. ജോസെപ് വൈദ്യൻ,
ആയുർവ്വേദ വൈദ്യശാല,
P. O. മുല്ലശ്ശേരി. S. മലബാർ.

Regi: No. M. 365.  Registered No. T. 2.


## വില്പാൻ തയ്യാർ!

കുടുംബപ്രതിഷ്ഠയ്ക്കു ഉപകരിക്കുന്ന, മസ്സുകൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ളതും മനോഹരവുമായ, തിരുഹൃദയരൂപങ്ങൾ വില്പാനുണ്ട്. ആവശ്യക്കാർ ആപ്പീസിൽ വന്നു വാങ്ങിച്ചുകൊള്ളണം. വിലവിവരവും അളവും താഴെ കാണിക്കുന്നു.

| | | രു. | ണ. | പൈ. | | | രു. | ണ. | പൈ. |
|---|---|---|---|---|---|---|---|---|---|
| 19 | ഇഞ്ച് gilt | 8 | 0 | 0 | 13 | ഇഞ്ച് gilt | 3 | 12 | 0 |
| 19 | ,, | 7 | 8 | 0 | 12 | ,, | 2 | 8 | 0 |
| 1[illegible] | ,, | 6 | 8 | 0 | 9 | ,, | 1 | 8 | 0 |

ഇതു കൂടാതെയും പല തരത്തിലുള്ള രൂപങ്ങൾ താമസിയാതെ വന്നുചേരുന്നതാണ്.

സൂവ്വണ്ട് സെൻറു ജോസഫ് പ്രസ്സ് [illegible]

---

വ്യാജ നിർമ്മിതങ്ങൾ ഉള്ളതുകൊണ്ടു പ്രത്യേകം നോക്കി “ഏബ്രഹാം വൈദ്യൻെറ” എന്ന പേർ ഉള്ളതു വാങ്ങണം.

# ഗർഭരക്ഷാഗുളിക.

## സ്ത്രീലോകത്താൽ ആദരിക്കപ്പെട്ട ഒരു സിദ്ധൌഷധം.

### ഇരുപതാം നൂററാണ്ടിലെ ഒരനുഗ്രഹം.

ഗർഭിണികളുടെ നാനാവിധ അസ്വാസ്ഥ്യങ്ങൾക്കും ശീഘ്രവും സുഖകരവുമായ പ്രസവത്തിനും ശിശുവിൻെറ ആരോഗ്യരക്ഷക്കും ഒരനുഗ്രഹമെന്നു പാശ്ചാത്യ ഡാക്ടരന്മാരാലും പൌരസ്ത്യ വൈദ്യശിരോമണികളാലും മററു മഹാന്മാരാലും അനുഭവത്താൽ സമ്മതിക്കപ്പെട്ട ഏബ്രഹാം വൈദ്യൻെറ ഈ ഗുളികകൾ ഉള്ളപ്പോൾ മഹിളകൾ എന്തിനു ദുംഖിക്കുന്നു?

മററു ദേശങ്ങളിലുള്ള അനേകതരം ഗുളികകളിൽ വഞ്ചിക്കപ്പെടാതെ സർവ്വത്ര ആദരവും കീർത്തിമത്തുമായ ഏബ്രഹാം വൈദ്യൻെറ ഗർഭരക്ഷാഗുളികകൾ വാങ്ങി പ്രസവത്തെ ലാഘവപ്പെടുത്തുന്ന പ്രശംസാഗുണമനുഭവിപ്പിൻ!!

ഗുളികയുടെ സീമാതീതമായ ഫലത്തെപ്പററി അനുഭവത്താൽ പ്രശംസിച്ച സംസ്ഥാനത്തിലെ ഏററവും പ്രധാനപ്പെട്ട ചില ഭിഷക്കുകളുടേയും മഹാന്മാരുടേയും പേരുകൾ പൂർത്തിയായി ഗുളിക വാങ്ങുന്നവരുടെ തൃപ്തിക്കായി താഴെ ചേർത്തുകൊള്ളുന്നു.

മിസ്സിസ് ലൂക്കോസ്. (ഡാക്ടർ മെഡിസിൻ ലൂക്കോസ് ബി. എ; എം. ബി ബി. എസ്. ലണ്ടൻ. എൽ. എം. [illegible], [illegible] ഡാക്ടർ എസ്. [illegible] [illegible] ഡാക്ടർ എസ്. [illegible] ബി. എ. ബി. സി. എ. . ഡാക്ടർ കെ. സി. [illegible] ബി. എ. എം. ബി. സി. എം. . [illegible] ബി. എ. . [illegible] ബി. എ. മനോരമ പത്രാധിപർ. [illegible]

“മിസ്റ്റർ ഏബ്രഹാം വൈദ്യൻെറ ഗർഭരക്ഷാഗുളികയുടെ അത്ഭുതകരമായ ഫലപ്രാപ്തിയിൽ അഭിനന്ദിച്ചുകൊണ്ടു ഡാക്ടരന്മാർ, അഡ്വൊക്കേറ്റുമാർ, വൈദികന്മാർ, [illegible] ലേഡി ഡാക്ടരന്മാർ [illegible] അനവധി മന്ത്രിമാരുടേയും മഹതികളുടേയും ഒട്ടേറെ ഇംഗ്ലീഷ് മലയാള പത്രങ്ങളുടേയും പ്രശംസക്കു പാത്രീഭവിച്ചിരിക്കുന്നു.”

“മലയാള മനോരമ.”

വൈദ്യൻ ഇ. ഡബ്ള്യു. ഏബ്രഹാം, മെഡിക്കൽഹാൾ,
കൊട്ടാരപ്പാലത്തിനു സമീപം, ആലപ്പുഴ.